# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 22 No. 8, 2011 August 15**


എഡിറ്റോറിയൽ

# ഒരു ധീര മാതൃക

നമ്മുടെ സെക്രട്ടറിയേറ്റ്പടി നിരന്തര സമരങ്ങൾക്ക് വേദിയാകുന്ന സ്ഥാനമാണല്ലോ. സത്യാഗ്രഹം ഉൾപ്പെടെ വിവിധതരം സമരങ്ങൾ ദിനംപ്രതി പലവട്ടം അവിടെ അരങ്ങേറുന്നു. എന്നാൽ അവയിൽ നിന്നെല്ലാം വ്യത്യസ്തമായ ഒന്ന് കഴിഞ്ഞ ജൂൺ 20 ന് അവിടെ നടക്കുകയുായി. ഒരു ഉപരോധമോ പ്രതിഷേധമോ എന്നതിനുപരി സർക്കാരിന്റെയും പൊതുജനത്തിന്റെ യും ശ്രദ്ധ ഉണർത്താനുള്ള സംരംഭമായിരുന്നു അത്. പങ്കെടുത്ത വ്യക്തികളും അവരുടെ ലക്ഷ്യവും സാധാരണ സമരങ്ങളുടേതിൽ നിന്ന് ഭിന്നം. ഒരു യുവവൈദീകനും പതിനാറുകാരി ഒരു പെൺകുട്ടിയുമായിരുന്നു ആ ഉപവാസ സമരത്തിന്റെ മുൻനിരക്കാർ. ഫാ. സന്തോഷ് ജോർജ്ജ് ചെന്നൈയിൽ ഒരു അനാഥാലയം നടത്തുന്നു. തിരുവനന്തപുരത്തിനടുത്തുള്ള ഉഷാകുമാരി ര് വൃക്കകളും പ്രവർത്തനരഹിതമായി ഡയാലിസിസിലൂടെ ജീവൻ പിടിച്ചുനിർത്താൻ പണിപ്പെടുന്ന പെൺ കുട്ടി. വൃക്ക മാറ്റിവയ്ക്കൽ മാത്രമേ പരിഹാരമുള്ളൂ എന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയിരിക്കുന്നു. തുച്ഛമായ സമ്പാദ്യം മുഴുവൻ മകളുടെ ചികിത്സയ്ക്കായി ചെലവഴിച്ച അച്ഛൻ കടുത്ത സാമ്പത്തികപ്രതിസന്ധിയിലും രോഗാവസ്ഥയിലുമാണ്. അമ്മയുടെ വൃക്ക മകൾക്ക് ചേരുകയില്ല! ഈ സങ്കടാവസ്ഥയിലാണ് സന്തോഷ് അച്ചൻ വൃക്കദാനത്തിന് സന്നദ്ധനായത്. സ്വകാര്യ ആശുപത്രികളിൽ പത്തുലക്ഷം രൂപയിലധി കം ചെലവ് വരുന്ന വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മൂന്നരലക്ഷത്തിന് ചെയ്തുകിട്ടും. തോന്നയ്ക്കലുള്ള സത്യസായി ഓർഫനേജ് ട്രസ്റ്റ് ഈ ചെലവ് വഹിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തിട്ടു്. മറ്റ് സാന്ദർഭിക ചെലവുകൾക്കായി ചില സാമൂഹ്യപ്രവർത്തകരും സന്നദ്ധസംഘടനാംഗങ്ങളും ചേർന്ന് തൊണ്ണൂറായിരത്തിലേറെ രൂപ സമാഹരിച്ചുകഴിഞ്ഞിട്ടുമു്. അപ്പോൾ ഇതാ ഒരു നിയമതട ം. വൃക്കദാനം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനത്തിൽ രക്തബന്ധമുള്ള വ്യക്തിയിൽ നിന്നുമാത്രമേ വൃക്ക സ്വീകരിക്കാവൂ എന്ന് നിഷ്ക്കർഷയുുപോലും! ഇതിൽ ഭേദഗതി വരുത്താതെ ഫാ. സന്തോഷിന് ആ പെൺകുട്ടിക്ക് വൃക്കദാനം ചെയ്യാനാവില്ല. ഇക്കാര്യത്തിന് ഒരു ഒഴിവുലഭിക്കുന്നതിനുവേി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനാണ് സന്തോഷച്ചൻ ഉഷാകുമാരിയോടൊപ്പം സെക്രട്ടറിയേറ്റ്പടിക്കൽ ഉപവസിച്ചത്.

ഇങ്ങനെയുമുോ ഒരു നിയമം? എന്നോർത്ത് ഒരു പക്ഷേ നിങ്ങൾ മൂക്കത്ത് വിരൽ വെയ്ക്കുന്നുാവും. സഹതപിക്കുകയോ, രോഷംകൊള്ളുകയോ വേ. വൈദ്യശാസ്ത്രത്തിന്റെ ഒരു വൻ നേട്ടമാണല്ലോ അവയവം മാറ്റിവയ്ക്കൽ (organ transplantation). രോഗമോ, അപകടമോ മൂലം പ്രവർത്തന രഹിതമായ ഒരു അവയവം മുറിച്ചുമാറ്റി തല്സ്ഥാനത്ത് മറ്റൊരാളിൽ നിന്നെടുത്ത അതേ അവയവം വച്ചുപിടിപ്പിച്ച് രോഗിയെ രക്ഷിക്കുന്ന ശസ്ത്രക്രിയയാണിത്. കണ്ണ്, കരൾ, വൃക്ക, ഹൃദയം എന്നിവായാണ് വിജയകരമായി മാറ്റിവയക്കാൻ കഴിയുന്ന പ്രധാന അവയവങ്ങൾ. വലിയ സാങ്കേതിക വൈദഗ്ദ്ധ്യവും അത്യാധുനിക സജ്ജീകരണങ്ങളും അതിസങ്കീർണ്ണമായ ഈ ശസ്ത്രക്രിയയ്ക്ക് ആവശ്യമാണ്. ആരോഗ്യമുള്ളവരിൽ നിന്നോ, മസ്തിഷ്കമരണം (ബോധകേന്ദ്രമായ തലച്ചോറിന്റെ പ്രവർത്തനം നിലയ്ക്കുകയും അതിൽ നിന്ന് സന്ദേശങ്ങൾ അവയവങ്ങളിലേയ്ക്ക് നാഡികൾ വഴി അയയ്ക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന പൂർണ്ണവും ഒരിക്കലും സുഖപ്പെടാത്തതുമായ അബോധാവസ്ഥയാണ് മസ്തിഷ്കമരണം) സംഭവിച്ചവരിൽ നിന്നോ മൃതശരീരത്തിൽ നിന്നോ (മരിച്ച് അധികം വൈകാതെ) മാറ്റി വയ്ക്കുന്നതിനുള്ള അവയവങ്ങൾ സ്വീകരിക്കാവുന്നതാണ്. ആവശ്യക്കാരുടെ എണ്ണത്തിനൊത്ത് അവയവങ്ങൾ ലഭിക്കാനില്ല എന്നതാണ് ഈ രംഗത്തെ പ്രതിസന്ധി. അതുകൊ് അവയവങ്ങൾ വില കൊടുത്ത് വാങ്ങേ നിലവന്നു. എന്നുമാത്രമല്ല, അവയുടെ വില കുതിച്ചുയരുകയും ചെയ്തു. അതോടെ വമ്പന്മാരും ശസ്ത്രക്രിയാ വിദഗ്ദ്ധരുമെല്ലാം ചേർന്ന മാഫിയ അവയവവ്യാപാരം ഒരു അ തിലാഭകരമായ വ്യവസായമാക്കി. താമസിയാതെ അവയവമോഷണം സാധാരണമായി.

ദാരിദ്ര്യത്തെയും അജ്ഞതയെയും മുതലെടുത്ത് പലരുടെയും ആന്തരാവയവങ്ങൾ അടിച്ചുമാറ്റി. വയറുവേദയുമായി ആശുപത്രിയിലെത്തുന്നവരെ

**EDITORIAL BOARD**

President
**H. G. Dr. Thomas Mar Athanasius**
Metropolitan

Chief Editor
**Fr. Abraham Karammel**

Mg.Editor
**Mr. P. J. Varghese**

Associate Editor
**Fr. Kochuparambil Geevarghese Ramban**

Technical Adviser
**Mr. George Paul**

Members
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ഒരു ധീര മാതൃക**.................................. 1

**അഴിമതി ജനാധിപത്യ സംവിധാനത്തിലും!** .........3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സഭാശുശ്രൂഷയിൽ ര് പതിറ്റാുകൾ – 16** ..... 4
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ബൈബിൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം** .... 10
ഫാ. എബ്രാഹാം കാരാമേൽ

**നന്മ വളരുന്നത് തിന്മയ്ക്കിടയിൽ** .............. 14
ഡോ. തോമസ് അത്താനാസ്യോസ്

**സ്വധർമ്മം അനുഷ്ഠിക്കുക**...................... 17
കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ

തിരുവെഴുത്ത്
**പഴയനിയമം** .................................. 19

**വാർത്തകൾ – അറിയിപ്പുകൾ**.................... 20

ശസ്ത്രക്രിയക്കു വിധേയരാക്കി അവരറിയാതെ അവരുടെ വൃക്ക അറുത്തെടുത്ത് മാർക്കറ്റിലെത്തിക്കുക പതിവായി. ഔരസ്-ഉദരശസ്ത്രക്രിയകൾ നടത്തി തിരികെ പോകുന്നവരുടെ ശരീരത്തിനുള്ളിൽ എല്ലാ അവയവങ്ങളും അവശേഷിക്കുന്നുവോ എന്നു സ്കാൻ ചെയ്തു നോക്കേതായ ഗതികേടുവന്നു. പണമുണ്ടാക്കാൻ എളുപ്പമാർഗ്ഗമെന്നു ക ാൽ ഏതുനിലയിലുള്ളവരെയും കൂട്ടുകിട്ടും. ഈ സാഹചര്യത്തിലാണ് വൃക്കാദാനം സംബന്ധിച്ച് മേൽപ്പറഞ്ഞ നിയന്ത്രണം കേന്ദ്രസർക്കാരിൽ നിന്നുായത്.

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച മേൽപ്പറഞ്ഞ ഉപവാസത്തിന് അധികൃതരിൽ എന്തുഫലം ഉാക്കാൻ കഴിഞ്ഞു എന്ന് അറിവായിട്ടില്ല. ഏതായാലും അവയവദാതാവിനെയും സ്വീകർത്താവിനെയും സംബന്ധിച്ച് വ്യക്തവും ശരിയുമായ അറിവുള്ള സന്ദർഭങ്ങളിൽ ജീവരക്ഷയെപ്രതി ധീരവും ത്യാഗോജ്ജ്വലവുമായ ഇ ത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി പ്രോത്സാഹിപ്പിക്കേത് ആവശ്യവും ന്യായവുമാണ്. ഒപ്പംതന്നെ ചൂഷണത്തിനും അഴിമതിക്കുമുള്ള എല്ലാ പഴുതുകളും അടയ്ക്കുകയും വേണം.

തികച്ചും സാഹസികമായ ഈ ജീവദായകപ്രവൃത്തിക്ക് സന്മന ു കാണിച്ചിരിക്കുന്ന ഫാ. സന്തോഷ് ജോർജ്ജിനെ ഡയോസിസൻ ബുള്ളറ്റിൻ അനുമോദിക്കുന്നു. ഇതിന് ബഹു. അച്ചൻ ഒരുമ്പെട്ടത് ഒരു ജീവൻ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ മാത്രമാണെന്ന് തോന്നുന്നില്ല. അച്ചന്റെ ധീരമായ മാതൃക അനേകർ സ്വീകരിച്ച് അവയവമാറ്റം അനിവാര്യമായിട്ടുള്ളവർക്കെല്ലാം അവയവങ്ങൾ ലഭ്യമാകുന്ന ഒരവസ്ഥാവിശേഷം സമൂഹത്തിൽ നിലവിൽ വരുന്നതിനാണെ ന്ന് ഞങ്ങൾ കരുതുന്നു. അതിന് അനുകൂലമായ ഒരു തരംഗം ഈ സംഭവം സൃഷ്ടിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഇത്തരം മാതൃകയോടൊപ്പം തീവ്രമായ ബോധവത്കരണ പരിപാടികളും ഈ ലക്ഷ്യത്തിനുനേരെ ആവിഷ്ക്കരിച്ച് നടപ്പാക്കേതു്. അവയവദാനത്തിന് തട ം നിൽക്കുന്നത് നഷ്ടബോധത്തേക്കാളുപരി ഭയമാണ്. അവയവദാനം ചെയ്യുന്നതിനുതന്നെ ദാതാവ് അനേകം പരിശോധനകൾക്കും ഒരു മേജർ ശസ്ത്രക്രിയയ്ക്കും വിധേയനാകേതു്. ഒരു അവയവമോ, അവയവാംശമോ ദാനം ചെയ്യുന്നതുവഴി ഭാവിയിൽ ആരോഗ്യപ്രശ്നമുാകുമോ എന്ന ശങ്ക സ്വാഭാവികമായി ഉാകാം. ഇത് രുമാണ് പ്രധാന ഭയ കാരണങ്ങൾ. ഈ പേടി സാമാന്യജനങ്ങളിൽ നിന്ന് നീക്കുന്നതിന് വൈദ്യശാസ്ത്ര വിദഗ്ദ്ധർ വഴിയുള്ള ബോധവത്കരണവും അവയവദാതാക്കളുടെ ആരോഗ്യപ്രശ്നങ്ങൾ കൃത്യമായി ഏറ്റെടുത്ത് പരിഹരിക്കുമെന്ന് ഉറപ്പുനൽകുന്ന സർ ക്കാരിന്റെ സാക്ഷ്യപത്രവും ഒട്ടൊക്കെ സഹായകമാകും. അവയവദാനത്തിന് വിശ്വാസപരമായി തട മൊന്നുമില്ലെന്ന മതാദ്ധ്യക്ഷന്മാർ വ്യക്തമാക്കണം. എന്നിട്ടും പേടിമാറാത്തവരുടെ യും അവരുടെ ബന്ധുക്കളുടെയും അവയവങ്ങൾ മരണശേഷമെങ്കിലും ദാനം ചെയ്യുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ഫാ. സന്തോഷ് ജോർജ് സഭയ്ക്ക് അഭിമാനമാണ്. അച്ചന്റെ നല്ല മാതൃക സ്വീകരിക്കുവാൻ അനേക സുമന ു

*മെത്രാപ്പോലീത്തായുടെ കത്ത്*

# അഴിമതി ജനാധിപത്യസംവിധാനത്തിലും!

**അ**ടുത്തകാലത്ത് വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് അഴിമതി സംബന്ധിച്ച റിപ്പോർട്ടുകളാണ്. ദിവസേന എന്നവണ്ണം സഹസ്രകോടി രൂപയുടെ അഴിമതിക്കഥകളുടെ ചുരുളഴിയുന്നു. സത്യം അഴിമതി (14,000 കോടി), ടെൽഗി അഴിമതി (20,000 കോടി), കോമൺവെൽത്ത് ഗെയിംസ് അഴിമതി (70,000 കോടി), 2 ജി. സ്പെക്ട്രം അഴിമതി (1.76 ല ക്ഷം കോടി) ഇങ്ങനെ പോകുന്നു അഴിമതിയുടെ പട്ടിക. മന്ത്രിമാരും, ജനപ്രതിനിധികളും, ന്യായാധിപന്മാരും, ഉന്നത ഉദ്യോഗസ്ഥരും അഴിമതിക്കുറ്റത്തിന് ആരോപണവിധേയരാകുന്നു. കർണ്ണാടക മുഖ്യമന്ത്രി യെഡ്യൂരപ്പയ്ക്ക് അഴിമതി ആരോപണത്തിൽ രാജിവയ്ക്കേിവന്നത് അടുത്തദിവസമാണ്. കേരളത്തിലെ ഒരു രാഷ്ട്രീയപാർട്ടിയുടെ സ്ഥാപകനേതാവും മുൻ മന്ത്രിയുമായ ഒരാൾ ക്ക് ഇതേ കാരണത്താൽ വാർദ്ധക്യത്തിൽ തടവറയിൽ കഴിയേിവന്നിരിക്കുന്നു. 'വോട്ടിന് നോട്ട്' എന്ന മനോഭാവവും നമ്മുടെ ജനാധിപത്യത്തിൽ നാട്ടുനടപ്പായിക്കൊിരിക്കുന്നു. വെളിച്ചം കാണുന്ന അഴിമതി സംഭവങ്ങളിൽ പലതും ഇന്ത്യയുടെ സമ്പദ്ഘടനയിൽത്തന്നെ ഇളക്കം സൃഷ്ടിക്കുവാൻ പോരുന്നവയാണ്.

അഴിമതി, ഭരണ-രാഷ്ട്രീയ രംഗങ്ങളിൽ മാത്രമാണെന്ന് ധരിക്കരുത്. പൊതുജീവിതത്തിലും മത-സാംസ്ക്കാരിക-വിദ്യാഭ്യാസ രംഗങ്ങളിലും അത് നടമാടുന്നു. ഒരു ജനാധിപത്യഭരണ സംവിധാനത്തിലാണ് അഴിമതിയുടെ അനന്തമായ ഈ തു ടർക്കഥ എന്ന വസ്തുത വിഷയത്തെക്കുറിച്ച് കൂടുതലായ പഠനത്തി നും ചിന്തയ്ക്കും ചർച്ചയ്ക്കും പ്രേരണ നൽകുന്നു. നിലവിലുള്ള നിയമങ്ങൾ, ഭരണക്രമീകരണങ്ങൾ, ധാർമ്മിക സമ്മർദ്ദങ്ങൾ എന്നിവയെല്ലാം ലം ഘിച്ചോ, അവഗണിച്ചോ, വഴിമാറി (by-pass) യോ നടത്തുന്ന ഈ വൻ അഴിമതികൾക്ക് ശാശ്വതമായ പരിഹാരം കാണേത്ു. രാജ്യഭരണത്തിൽ മാത്രമല്ല ജനാധിപത്യ സമ്പ്രദായം നിലനിൽക്കുന്നത്. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ജനാധിപത്യക്രമം നിലനിൽക്കുകയും ജനാധിപത്യ ഇടപെടലുകൾ ഉാവുകയും ജനാധിപത്യമര്യാദകൾ പാലിക്കപ്പെടുകയും ചെ യ്യുന്ന പശ്ചാത്തലം സാമൂഹ്യ ഭദ്രത യ്ക്കും ക്ഷേമത്തിനും അനുപേക്ഷണീയമാണ്. എല്ലാ ജീവിത തലങ്ങളിലും നിയമത്തിന്റെയും നീതിയുടെ യും കരങ്ങൾക്ക് നീത്തൊവുന്ന സാഹചര്യം ഇന്ത്യയിൽ ഇന്നുു്. പൗരന് ജനാധിപത്യ വ്യവസ്ഥയിലൂ ടെ ലബ്ധമായ ഭരണപങ്കാളിത്തവും ഭരണനിയന്ത്രണാധികാരവും നിലനിൽക്കുന്നു. കാര്യങ്ങൾ അറിയുവാനുള്ള അവകാശം ജനങ്ങൾക്കും അഴിമതികൾ വെളിപ്പെടുത്താനുള്ള സ്വാതന്ത്ര്യം ഇവിടത്തെ മാധ്യമങ്ങൾ ക്കുമു്. അഴിമതികൾ തേടിപ്പിടിക്കുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനുമുള്ള കുറ്റാന്വേഷണനീതിന്യായ വകുപ്പുകളും നമുക്കു്. ഈ ചുറ്റുപാടിലും അഴിമതി രൂക്ഷവും വ്യാപകവുമാകുന്നത് എന്തുകൊാ ണ് എന്നത് ആരെയും ഉത്കണ്ഠപ്പെടുത്തേ വസ്തുതയാണ്.

അഴിമതി എല്ലാക്കാലത്തും എല്ലായിടങ്ങളിലും നിലനിന്നിരുന്നു എന്ന തിരിച്ചറിവ് അതു തുടരാൻ അനുമതി നൽകുന്നില്ല. അഴിമതിക്ക് മറുപടിയും ആകുന്നില്ല. ഇതൊരു ആഗോള പ്രതിഭാസമാണ് എന്നുപറഞ്ഞ് വിഷയത്തിന്റെ ഗൗരവം കുറച്ചുകാണാനും ആവില്ല. ഒരുകാലത്ത് ഒരു ശിപായിയോ, ഗുമസ്തനോ പ്രവർത്യാരോ നിവൃത്തികേടുകൊ് നടത്തിക്കൊിരുന്ന - ഇന്നും നടത്തിക്കൊിരിക്കുന്ന - 'കൈമടക്ക്' കാര്യമല്ല ഇന്നത്തെ അഴിമതി. പ1 ന്നെയോ രാഷ്ട്രത്തിന്റെ തന്നെ സമ്പദ്ഘടനയെയും വളർച്ചയെയും ഉലയ്ക്കാനും തകർക്കാനും മതിയാകുന്നതാണിവ. അത് ഭരണരംഗത്തുളവാക്കുന്ന അനിശ്ചിതത്വവും പൊതുജനങ്ങളിൽ സൃഷ്ടിക്കുന്ന അരക്ഷിതാബോധവും ഊഹാതീതമാണ്. അഴിമതിയിലൂടെയുാക്കിയ പണം സ്വിസ് ബാങ്കിലും മറ്റും ഏറെ നിക്ഷേപിച്ചിട്ടു്. രാജ്യത്തിന്റെ കടബാധ്യത മുഴുവൻ തീർക്കാനുള്ള കനത്ത സ മ്പത്താണ് രഹസ്യമായി വിദേശബാങ്കുകളിൽ എത്തിച്ചിരിക്കുന്നത്.

തീർച്ചയായും ഇക്കാലത്ത് പുറംരാജ്യങ്ങളിലും അഴിമതി വ്യാപകമായിട്ടു്. മീഡിയാ ചക്രവർത്തിമാർ, വ്യവസായ രാജാക്കന്മാർ, ടെലിഫോ ൺ കമ്പനിക്കാർ മുതലായവരുടെ വഴിവിട്ടരീതിയിലുള്ള പണസമ്പാദ്യം ഒരു ചലച്ചിത്ര തിരക്കഥയിലെന്നപോ ലെ ചുരുളഴിയുകയാണ്. ഉന്നത കുറ്റാന്വേഷണ ഉദ്യോഗസ്ഥർ വൻതുക വങ്ങി രഹസ്യവാർത്തകൾ മാധ്യമ ഉടമകൾക്ക് ചോർത്തിക്കൊടുത്തിരിക്കുന്നത് ജനാധിപത്യത്തിന്റെ ഈറ്റില്ല മായ ഇംഗ്ലിലാണ് എന്നത് ഇക്കാലത്ത് വിചിത്രമായി കാണേതില്ല.

"ഇത് ജനാധിപത്യത്തിന്റെ തകരാറാണ്. ഏകാധിപത്യ ഭരണത്തിൽ ആയിരുന്നെങ്കിൽ കടുത്തശിക്ഷ നൽ കി ഇതൊക്കെ നിയന്ത്രിക്കുമായിരു ന്നു,"എന്നൊക്കെ വേവിധംകാര്യം പഠിക്കാതെ ചില

# സഭാശുശ്രൂഷയിൽ
# ര് പതിറ്റാുകൾ - 16

ഡോ. തോമസ് അത്താനാസ്യോസ്

മലങ്കരസഭയിലെ പാത്രിയർക്കീസ് പക്ഷത്തെ ഒരു പ്രബലവിഭാഗം സഭൈക്യശ്രമങ്ങളിൽ നിന്നു പിന്തിരിഞ്ഞ് സ്വന്തമായ നിലനിൽപ്പു സാധ്യത തേടിയതോടെ ഐക്യ പ്രതീക്ഷയും പ്രവർത്തനങ്ങളും ദുർബ്ബലമായി. എങ്കിലും അനൗപചാരികമായ ചർച്ചകൾ അങ്ങിങ്ങ് നടന്നുകൊിരുന്നു. സഭാ സമാധാനസാധ്യതയെക്കുറിച്ചുള്ള അന്വേഷണങ്ങൾ വ്യ ക്തിപരമായ തലത്തിൽ ഞാനും തു ടർന്നുപോന്നു. "ഇത്രയൊക്കെയായി. ഇനിയെന്ത് ഐക്യം?" എന്നായി പലരുടെയും ചോദ്യം. ഇനി സഭയുടെ ഐക്യത്തിൽ പ്രത്യാശയൊന്നും വേ എന്ന നിലപാടായിരുന്നു മലങ്കര സഭാ നേതൃത്വത്തിലും കത്.

'പ്രത്യാശ' എന്ന വാക്കിന്റെ അർ ത്ഥം ശരിയായി അറിയാത്ത വിശ്വാസികളാണ് സഭയിൽ മഹാഭൂരിപക്ഷം എന്നാണ് എനിക്ക് പലപ്പോഴും തോ ന്നിയിട്ടുള്ളത്. കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിലാണ് പ്രത്യാശയെ അവർ വിലയിരുത്തുന്നത്. എന്നാൽ ആ കാഴ്ചപ്പാട് ശരിയല്ല. ആദിമക്രൈസ്തവ സഭയിൽ സമീപഭാവിയിൽ തന്നെ ക്രിസ്തുവിന്റെ പ്രത്യാശിത രാംവരവ് ഉാവുമെന്ന ചിന്തയാണ് വിശ്വാസികൾക്ക് ഉായിരുന്നത്. വി. പൗലോസിന്റെ 1-ാം തെസെലോനിക്യാ ലേഖനത്തിൽ അതാണ് നാം കാണുന്നത്. എന്നാൽ അത് സംഭവിച്ചില്ല. അതോടെ ഇനി അത് നടക്കാൻ പോകുന്നില്ല എന്ന ധാരണയൊന്നും അവരിൽ പരന്നില്ല. രാംവരവിന്റെ പ്രതീക്ഷയുമായാണ് രായിരം വർഷമായി സഭ ഇന്നും കഴിയുന്നത്. എല്ലാത്തിനും ദൈവത്തിന് പദ്ധതിയും സമയക്രമീകരണവുമു്. അതിൻപ്രകാരമേ കാര്യങ്ങൾ സംഭവിക്കൂ. നമ്മുടെ ചിന്ത അനുസ

രൊക്കെ പറഞ്ഞുകേൾക്കാറു്. പഴയ ഭരണസമ്പ്രദായത്തിലും അഴിമതി നടന്നിരുന്നു. ബി.സി. 4-ാം നൂറ്റാിൽ ജീവിച്ചിരു ന്ന സുപ്രസിദ്ധ രാഷ്ട്രമീമാംസകനും സാമ്പത്തിക വിദഗ്ദ്ധനുമായിരുന്ന ചാണക്യൻ തന്റെ അർത്ഥശാസ്ത്രം എന്ന ഗ്രന്ഥത്തിൽ ഇരുപത്തിനാലുതരം അഴിമതി സാധ്യതകളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും പ്രതിപാദിക്കുന്നു്. ബി.സി. 8-ാം നൂറ്റാിൽ ജീവിച്ചിരുന്ന പഴയനിയമ പ്ര വാചകന്മാർ അക്കാലത്ത് സർവ്വ മേ ഖലകളിലും നടന്നിരുന്ന അഴിമതി കളെക്കുറിച്ച് വിശദമായി പറയുന്നു്. ആമോസ് ജനങ്ങളെ കുറ്റപ്പെടുത്തുന്നു, "നിങ്ങൾ നീതിയെ കാഞ്ഞിരമാക്കിയിരിക്കുന്നവരും ന്യായത്തെ നിലത്തിട്ടുചവിട്ടി അരയ്ക്കുന്നവരുമാണ്" (ആമോസ് 5-7). പ്രവാചകൻ തുടരുന്നു, "നിങ്ങൾ നീതിമാനെ ക്ലേശിപ്പിച്ച് കൈക്കൂലി വാങ്ങുകയും ഗോപുരത്തിങ്കൽ ദരിദ്രന്മാരുടെ ന്യായം മറിച്ചുകളയുകയും ചെയ്യുന്നു." അതായത് സമൂഹം മുഴുവൻ അഴിമതി ബാധിച്ചതിന്റെ ചിത്രമാണ് പ്രവാചകൻ നൽകുന്നത്.

എന്നാൽ ഇന്ന് അഴിമതി കൂടുതൽ വ്യാപകമായെന്നു മാത്രമല്ല അ തിലുൾപ്പെടുന്ന ധനത്തിന്റെ അളവ് അവിശ്വസനീയമാം വിധം വർദ്ധിച്ചിരിക്കുകയുമാണ്. ന്യായം കൈകാര്യം ചെയ്യുന്നവർ പോലും ഇന്ന് അഴിമതിക്കാരുടെ ചട്ടുകങ്ങളായി മാറുകയാണ്. ഇന്ത്യയിൽ നീതിന്യായ വകുപ്പിൽ ഏറെ അഴിമതി നടക്കുന്നു എന്നൊക്കെ ആരോപണം നിലനിൽ ക്കുന്നു്. അടുത്ത കാലത്ത് നടന്ന ഒരു സർവ്വേയിൽ ജുഡീഷ്യറിയിൽ നീതി നടക്കുന്നില്ല എന്ന് 77 ശതമാനം പേർ കരുതുന്നതായി കത്തെുകയുായി. മുൻ ചീഫ് ജസ്റ്റിസ് ബറൂച്ച ഇന്ത്യയിലെ 20 ശതമാനം ജഡ്ജിമാർ അഴിമതിക്കാരാണെന്ന് 2002 ൽ തുറന്നടിച്ചു. കേരളീയനായ മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പി. കെ. ബാലകൃഷ്ണനെതിരെ അഴിമതി ആരോപണങ്ങൾ ഉയർന്നിട്ടു്. അതിനുള്ള അദ്ദേഹത്തിന്റെ മറുപടികൾ പലപ്പോഴും ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുക്കുന്നവയല്ല. നേരെ മറിച്ച് സാങ്കേതിക തലത്തിലുള്ളവ മാത്രമാണ്. ജസ്റ്റിസ് പി.ഡി. ദിനകരന് സുപ്രീംകോടതി ജഡ്ജിയാകാൻ കഴിയാതെ സ്ഥാനമൊഴിയേി വ ന്നത് അഴിമതിയുടെ പശ്ചാത്തലത്തിലാണ്. അഴിമതിയിൽ ന്യായാധിപ ന്മാർ മാത്രമല്ല, അഭിഭാഷകർ അടക്കം ജുഡീഷ്യറി സംവിധാനം മുഴുവൻ പങ്കുചേരുന്നു എന്നതാണ് ആരോപണം. ഇവിടെ പണം മാത്രമല്ല സ്വാധീ നം ചെലുത്തുന്നത്. മദ്യ-ലൈംഗികതകളുടെ സ്വാധീനവും ശക്തമാണ്. കേന്ദ്രസംസ്ഥന മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, ന്യായാധിപന്മാർ, ജനനേതാക്കൾ എന്നിവരൊക്കെ അഴിമതിക്കാരാകുമ്പോൾ സാമാന്യജനത്തിനിടയിൽ അത് അംഗീകാരം നേടുകയാണ്. അഴിമതിയുടെ വേഗ വും ആഴവും വ്യാപ്തിയും വർദ്ധിക്കുവാൻ അത് കാരണമാകുന്നു. ആത്മീക-ധാർമ്മിക-മന:സാക്ഷിയായി സമൂഹത്തിൽ പ്രവർത്തിക്കേ മത-ആത്മീക നേതാക്കന്മാരുടെ പേരിലും ആരോപണങ്ങൾ ഉയരുന്നു. അതായത്. സമൂഹത്തിൽ അഴിമതിയടക്കമുള്ള എല്ലാ തിന്മകൾക്കുമെതിരെ മുന്നിൽ നിന്ന് പോരാടേവർ അഴിമതിക്കടിമകളായി മാറുന്നു എന്നതാ ണ് ഇന്നത്തെ അപകടകരമായ അവസ്ഥ. ജനത്തിന് നീതിയും ന്യായവും ഉറപ്പാക്കേവർ അഴിമതിയുടെ സ്വാധീനത്തിലായാൽ എന്തായിരി ക്കും ന

യിലൂടെ ഐക്യസാധ്യത മുമ്പിൽ കിരുന്നു. അതുകൊ് വിഘടന സൂച കമായ (sectarian) 'യാക്കോബ ായ' എന്ന പദം ഒരിക്കലും എന്റെ ലെറ്റർഹെഡ്ഡിൽ സ്ഥാനം പിടിക്കാൻ ഞാൻ അനുവദിച്ചിരുന്നില്ല. അന്നു പാത്രിയർക്കീസ് പക്ഷത്തെ കാതോലിക്കേറ്റ് ആസ്ഥാനമായിരുന്ന മൂവാറ്റുപുഴ അരമനയ്ക്കുായിരുന്ന 'കാതോലിക്കേറ്റ് അരമന' എന്ന വിശേഷണം എന്റെ മേൽവിലാസത്തിൽ ചേർത്തിരുന്നുമില്ല, കാരണം അതിന് സഭയുടെ വിഭക്ത കാലഘട്ടത്തിലെ സാംഗത്യമേ ഉായിരുന്നുള്ളൂ എന്നു ഞാൻ ചിന്തിച്ചിരുന്നു.

കേരളരാഷ്ട്രീയത്തിൽ മുൻനിരക്കാരായ ചില സഭാംഗങ്ങളാണ് നിലച്ചുപോയ സഭൈക്യശ്രമങ്ങൾക്ക് പുനർജീവൻ പകർന്നത്. ഉമ്മൻചാി, റ്റി.എം. ജേക്കബ്, റ്റി.യു. കുരുവിള എന്നിവർ മദ്ധ്യവർത്തികളായി നിന്നുകൊ് സഭയിലെ ഇരുഭാഗങ്ങളിലെയും നേതൃത്വത്തെ സമീപിച്ചു. ബന്ധപ്പെട്ട വിഭാഗങ്ങൾ തമ്മിൽ ഉഭയകക്ഷി ചർച്ചകൾ ഒരിക്കലുംതന്നെ നടന്നില്ല. നേതാക്കൾ പരി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവയെ സന്ദർശിച്ച സമയം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയും ഞാ നും അവിടെ സന്നിഹിതരായിരുന്നു. ഐക്യത്തിനുവേിയുള്ള അവരുടെ നിബന്ധനകൾ എല്ലാംതന്നെ അംഗീകരിച്ചു. എന്നാൽ ഔപചാരിക ചർച്ചകളെ തുടർന്ന് അന്നു നിയുക്ത കാതോലിക്കാ ആയിരുന്ന തോമസ് മാർ തിമോത്തിയോസ് തിരുമേനിക്കുശേഷം തോമസ് മാർ ദിവന്നാസ്യോ സ് മെത്രാപ്പോലീത്തായ്ക്ക് കാതോലിക്കാസ്ഥാനം നൽകുന്ന കാര്യംകൂടി ഉറപ്പാക്കണമെന്ന് അവർ ആവ ശ്യം ഉന്നയിച്ചു. വ്യക്തിപരമായി തനി ക്ക് അക്കാര്യത്തിൽ വിയോജിപ്പില്ലെങ്കിലും അത് ഒരു elective post ആകയാൽ വ്യവസ്ഥയിൽ ചേർക്കുക പ്രയാസമായിരിക്കും എന്ന് പരി. ബാവ പറഞ്ഞു. ഭരണഘടന മാനിക്കാതെ

ത്ത ചിന്തയല്ല പ്രത്യാശ. Hope asks you to work for ideal and mission whether or not your aims take shape in reality. അതുകൊ് ദൈവഹിതം അന്വേഷിച്ചുകൊുള്ള ശ്രദ്ധാപൂർവ്വമായ കാൽവെപ്പാണ് പ്രത്യാശ എന്നു നാം തിരിച്ചറിയണം. സഭൈക്യം സഭയുടെ പ്രത്യാശയായി മന ി ലാക്കണം.

വിഭക്തമായ ലോകത്തെ തന്റെ ആളത്തത്തിൽ ഏകമാക്കി സംക്ഷിപ്തീകരിച്ച് (recapitulate) രക്ഷ നൽ കുകയായിരുന്നു ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ നടന്നത് എന്നാണ് കൊലേസ്യ ലേഖന കർത്താവ് പറയുന്നത്. അത് ചരിത്രത്തിൽ സാക്ഷാത്കരിക്കാൻ ഭരമേല്പിക്കപ്പെട്ട സഭതന്നെ ഭിന്നിച്ച് അന്യോന്യം പോരാടിയാൽ ദൗത്യനിർവ്വഹണം എങ്ങനെ പൂർത്തീകരിക്കാനാവും? സ്വന്തം ഐക്യം വഴി സൃഷ്ടിയുടെ അഖണ്ഡത നിലനിർത്തി ചരിത്രത്തിൽ രക്ഷാപദ്ധതി നിറവേറ്റേ സഭയ്ക്ക് അതിന്റെ ഐക്യം നിലനിർത്തുന്നതിലും വലിയ ബാദ്ധ്യത വേറെയില്ല. അതുകൊ് സഭൈക്യം എന്നത് എന്നെ സംബന്ധിച്ചിടത്തോളം സഭയുടെ സമാധാനകാലഘട്ട (1958–75) ത്തിൽ ഞാൻ എന്റെ കൗമാര യൗവ്വനങ്ങൾ കഴിച്ചുകൂട്ടിയതുകൊുള്ള ഒരു ഗൃഹാതുരത്വ പ്രേരണ മാത്രമായിരുന്നില്ല, അതിലുപരി നിയോഗപരമായ ഒരു ബാദ്ധ്യത തന്നെയായി രുന്നു.

സഭാസമാധാനം എന്നതിന്റെ അടിസ്ഥാനലക്ഷ്യം സഭയിൽ ഇടക്കാലത്ത് നഷ്ടപ്പെട്ടുപോയ ഐക്യം വീടെുക്കുക തന്നെയാണ്. എന്നെ മേൽപ്പട്ടസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തത് വിഭജിത സഭയിൽ ഒരു പക്ഷമായിരുന്നെങ്കിലും സഭ എന്നും ഭിന്നിച്ചു നിലകൊള്ളണം എന്ന ആഗ്രഹം ഒരിക്കലും എനിക്ക് ഉായിരുന്നില്ല. നീതിപൂർവ്വമായ ഒരു യോജിപ്പിലായിരുന്നു എന്നും എന്റെ താല്പര്യം. ആദ്യഘട്ടത്തിലെ സമാധാനശ്രമങ്ങൾ വിജയിച്ചില്ലെങ്കിലും കോടതിവിധി

രിച്ച് അവ നടക്കാതെ വരുമ്പോൾ ഒരുനാളും അതു നടക്കുകയില്ല എന്ന് ധരിക്കേി്തില്ല. 'കയിറോസ്' (kairos) എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം 'ദൈവീക പദ്ധതിപ്രകാരമുള്ള നിർദ്ദിഷ്ട സമയം' എന്നാണ്. മനുഷ്യന്റെ ചിന്തയ്ക്കും കണക്കുകൂട്ടലിനുമെല്ലാം ഉപരിയായി ദൈവം നിശ്ചയിക്കുന്ന സമയത്തും വിധത്തിലും നടക്കുന്ന ദൈവീക ഇടപെടലിലുള്ള ബോദ്ധ്യമാണ് പ്രത്യാശ എന്നത്. അതുകൊ് സഭയിൽ ഐക്യം ഉാവില്ല എന്നു ഭൂരിപ ക്ഷം കരുതുമ്പോഴും ഐക്യശ്രമങ്ങ ളെ എതിർക്കുമ്പോഴും ഐക്യത്തിന് ശ്രമിക്കുന്നവർക്കെതിരെ ഗൂഢതന്ത്രങ്ങൾ മെനയുമ്പോഴും സഭൈക്യം ദൈവീകപദ്ധതിയായയതുകൊ് അവിടുന്ന് ആഗ്രഹിക്കുന്ന സമയത്ത് അത് നടന്നേ തീരൂ എന്നുതന്നെ ചിന്തിക്കണം. തന്മൂലം സഭൈക്യ ത്തെ എതിർക്കുകയും അത് നടക്കില്ലെന്നു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ വിശ്വാസസമൂഹത്തിൽ പെടുന്നില്ല.

'പ്രത്യാശ' എന്നത് 'ശുഭാപ്തി വിശ്വാസം' (optimism) എന്നതിന്റെ പര്യായമല്ല. ശുഭാപ്തിവിശ്വാസം എന്നാൽ അശുഭമായത് ശുഭമായിത്തീരും-ദുഃഖം നീങ്ങി സന്തോഷമുാകും-എന്ന സങ്കല്പമാണ്. അതായത് ഇപ്പോഴത്തെ അവസ്ഥ നല്ലതല്ല; അതുമാറി നല്ലതുവരും. എന്ന ഉറപ്പായ തോന്നൽ. എന്നാൽ പ്രത്യാശ എന്നത് ദൈവഹിതം അന്വേഷിച്ചുകൊുള്ള മാനുഷിക കണക്കുകൂട്ടലുകളുടെ നിരന്തരമായ അവഗണനയായി മന ിലാക്കണം. ഇവിടെ ദൈവതാല്പര്യത്തിന്റെ സാക്ഷാത്കാരം പ്രതീക്ഷിച്ചുള്ള സമർപ്പിത സമീപനമാണ്. നമ്മുടെ ജീവിതകാലഘട്ടത്തിൽ അത് യാഥാർത്ഥ്യമാക്കുവാൻ സാധിച്ചാലും ഇല്ലെങ്കിലും ദൈവപദ്ധതി തിരിച്ചറിഞ്ഞ് അതിനായി അദ്ധ്വാനിക്കുവാനാണ് പ്രത്യാശ പ്രേരണ നൽകുന്നത്. എല്ലാം വൈകാതെ ശുഭമാകും എന്ന ഒരു ഒഴുക്കൻ, ആഴം കുറഞ്ഞ, ഈടില്ലാ

പോയാൽ എതിർപ്പുകൾ ഉാകുമെന്നായിരുന്നു ബാവയുടെ ചിന്ത. മധ്യവർത്തികളുടെ ശ്രമം സദുദ്ദേശ്യപരമായിരുന്നെങ്കിലും വിജയിച്ചില്ല. ദിവന്നാസ്യോസ് മെത്രാച്ചൻ പതിവുപോലെ പ്രാർത്ഥിച്ചശേഷം മറുപടി പറയാമെന്ന നിലപാടിൽ പിരിഞ്ഞു. പ്രാർത്ഥിച്ചു തീരാഞ്ഞിട്ടോ, മേലിൽ നിന്നു മറുപടി കിട്ടാഞ്ഞിട്ടോ എന്തോ, പിന്നീട് അദ്ദേഹം ഇതുസംബന്ധിച്ച് ഒന്നും പറഞ്ഞില്ല എന്നാണ് കേട്ടത്. സ്ഥാനാധികാര മോഹങ്ങളാണ് സഭ യെ ഭിന്നിപ്പിക്കുന്ന ഘടകമെന്ന് ഒരിക്കൽക്കൂടി വ്യക്തമായി. രാഷ്ട്രീയക്കാരായ സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രശ്നപരിഹാരാന്വേഷണമാണ് സമാധാനശ്രമത്തിന്റെ അടിസ്ഥാനം. ഇപ്പോൾ നടക്കുന്ന സമാധാന യജ്ഞങ്ങളുടെയും ആധാരവും ഇതുതന്നെ. എങ്ങനെയെങ്കിലും പ്ര ശ്നം തീർക്കണം. അതിനുവേി യോജിക്കാം, പിരിയാം, പങ്കുവയ്ക്കാം. ഇതെല്ലാം സാധ്യതകളാണ്. പിരിയലാണ് എളുപ്പവും പ്രായോഗികവുമത്രേ! വിഭക്ത സമൂഹം സഭയല്ല. സഭ, സഭയായിരിക്കണം. എങ്കിൽ അത് ഏകമാകണം. അതിന് മറ്റൊരു മാർഗ്ഗമില്ല. ഐക്യത്തിനു വഴിപ്പെടാത്തവർ ദൈവഹിതത്തോട് മറുതലിക്കുന്നവരാണ്. ഐക്യം മുന്നിൽ കാ ണാതെയുള്ള പരിഹാരശ്രമം വിരുദ്ധനീക്കമായിട്ടേ കാണാനാവൂ. നീതിപൂർവ്വവും ഐക്യാധിഷ്ഠിതവുമാകട്ടെ സമാധാനശ്രമങ്ങൾ. ഏതെങ്കിലും വിധേനയുള്ള പ്രശ്നം തീർക്കലായിരിക്കരുത് സമാധാനത്തിന് ആധാരം. നേരെമറിച്ച് വിഭക്തമായ സഭയെ ഏകമാക്കുന്ന പ്രക്രിയയിൽ പങ്കുചേരുകയാണ് യഥാർത്ഥ സമാധാനശ്രമം എന്നത് വിശ്വാസപരമായ തിരിച്ചറിവാണ്.

പിന്നീട് എറണാകുളം വൈ. എം.സി.എ. യുടെ ആഭിമുഖ്യത്തിൽ സഭാംഗങ്ങളായ അഡ്വ. ജോസഫ് ജോൺ, മോഹൻ വെട്ടം എന്നിവരുടെ ഉത്സാഹത്തിൽ ഒരു സഭൈക്യശ്രമം നടന്നു. അതിന്റെ മുൻനിരയിലെങ്ങും ഞാനുായിരുന്നില്ല. എങ്കിലും ചർ ച്ചകൾ ഞാൻ ശ്രദ്ധാപൂർവ്വം പിന്തുടരുന്നുായിരുന്നു. ആത്മാർത്ഥതയോടെ മധ്യവർത്തികൾ ശ്രമിച്ചെങ്കിലും ഐക്യമാക്കുന്നതിന് മന ുതുറന്ന ചർച്ചയൊന്നും നടന്നതായി തോന്നിയില്ല. ആലോചനകൾ നടന്നുകൊിരുന്നപ്പോൾ എങ്ങനെ അതിൽ നിന്ന് തലയൂരണം എന്നതായിരുന്നു നവപാത്രിയർക്കീസ് വിഭാഗത്തിന്റെ മുഖ്യചിന്ത. ആയിടെ കോടതിവിധി പ്രകാരം പരി. കാതോലിക്കാബാവ കാഞ്ഞിരമറ്റം പള്ളിയിൽ പ്ര വേശിച്ച് കുർബ്ബാന അർപ്പിച്ചത് ശരിയായില്ല എന്ന് കാരണം പറഞ്ഞ് അവർ പതിവുപോലെ ചർച്ചയിൽ നിന്ന് പിന്മാറി. എന്നാൽ കോടതിവിധികൾ സ്വയം ലംഘിച്ചുകൊ് നിരന്തരമായി പള്ളികയ്യേറ്റം നടത്തുന്നതിൽ അവർ ഇന്നുവരെ അപാകതയൊന്നും കിട്ടില്ല! ഇപ്പോഴും അത് തുടരുന്നു. ചർച്ച വിജയിക്കാത്തതിൽ അത്ഭുതമൊന്നും തോന്നിയില്ല. പങ്കെടുക്കുന്നവർക്ക് ആത്മാർത്ഥത, ലക്ഷ്യബോധം, ആർജ്ജവം, വിട്ടുവീഴ്ചാ മനോഭാവം എന്നിവയുങ്കിലേ ചർച്ചകൾ ഫലപ്രദമാകൂ.

ആ ഘട്ടത്തിൽ ഒരു ദിവസം കല്ലൂപറമ്പിൽ ഗീവറുഗീസച്ചൻ സഭൈക്യശ്രമത്തിന് എന്റെ സഹായം ആവശ്യപ്പെട്ടുകൊ് എന്നെ വിളിച്ചു. എബ്രാഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്തായ്ക്ക് സഭാസമാധാനത്തിനുവേി എന്തെങ്കിലും ചെയ്യണമെന്നുത്ര! കോടതിവിധിയും സഭാഭരണഘടനയും അംഗീകരിച്ചുകൊള്ള പാത്രിയർക്കീസ്-കാതോലിക്കാമാരുടെ പരസ്പര സ്വീകരണത്തിന് ഓർത്തഡോക്സ് പക്ഷം സന്നദ്ധമാണ് എന്ന് അദ്ദേഹത്തിന് രേഖാമൂലം ഉറപ്പുനൽകണം എന്നായിരുന്നു ഉപാധി. എനിക്ക് ക്ലീമീസ് മെത്രാപ്പോലീത്തയെ കുറെ കാലമായി നല്ല പരിചയമായിരുന്നതിനാൽ കല്ലൂപറമ്പിലച്ചന് ഉായിരുന്ന ശുഭാപ്തിവിശ്വാസം എനിക്കില്ലായിരുന്നു. എങ്കിലും അച്ചന്റെ ആത്മാർത്ഥത ഇക്കാര്യത്തിൽ ഉായിരുന്നതുകൊ് ഞാൻ അദ്ദേഹത്തിന്റെ താല്പര്യത്തിന് വഴിപ്പെട്ടു. സഭാ ട്രസ്റ്റി പി.സി. എബ്രാഹാമിനെ ക് വിവരം സംസാരിച്ചു. തുടർന്ന് ശ്രീ. കെ.എം. മാത്യു, അഡ്വ. കെ. ജോർജ്ജ് എന്നിവരെയും ചേർത്ത് വിഷയം ദീർഘമായി ചർച്ച ചെയ്തു. കോടതിവിധി തോന്നിയ രീതിയിൽ വ്യാഖ്യാനിക്കുന്ന രീതി പാത്രിയർക്കീസുകാർ പുലർത്തുന്നതുകൊ് 'കോടതിവിധിക്കനുസൃതമായി' എന്ന ഭാഗം ഒഴിവാക്കണമെന്ന് അഭിപ്രായമുയർന്നെങ്കിലും സഭാസമാധാനത്തിനുവേി ഈ നിർദ്ദേശം അംഗീകരിക്കണം എന്ന എന്റെ നിർബന്ധപൂർവ്വമായ നിലപാട് അംഗീകരിച്ച് അപ്രകാരമുള്ള ഉടമ്പടി നക്കൽ എഴുതിയുാക്കി. പരി. കാതോലിക്കാബാവയുടെ അംഗീകാരവും വാങ്ങി പ്രസ്തുത നക്കൽ കല്ലൂപറമ്പിൽ അച്ചനെ ഏല്പിച്ചു. ഈ സമാധാന നിർദ്ദേശം ഓർത്തഡോക്സുകാർ അംഗീകരിക്കുകയില്ല എന്ന ചിന്തയാണ് അച്ചന് ഉായിരുന്നത്. എന്നാൽ അതിനു വിപരീതമായി ഒരു ഉടമ്പടി നക്കൽ എഴുതിക്കിട്ടിയപ്പോൾ അച്ചനുായ ആനന്ദം അതിരറ്റതായിരുന്നു. താൻ പ്രതീക്ഷിച്ചതിലും മെച്ചമാണ് സ്വീകരണവ്യവസ്ഥ എന്ന് എന്നോടു സന്തോഷപൂർവ്വം പറയുകയുമുായി.

അച്ചൻ ഉടനെ ക്ലീമീസ് തിരുമേനിയെ സന്ദർശിച്ച് അദ്ദേഹം ആവശ്യപ്പെട്ട പ്രകാരമുള്ള രേഖ കൈമാറി. സമയം നഷ്ടമാക്കാതെ വേത് പ്രവർത്തിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ക്ലീമീസ് തിരുമേനി ചുവടുമാറ്റിച്ചവിട്ടി. അദ്ദേഹത്തിന് മലങ്കരസഭാ വിഷയത്തിൽ ഇടപെടാൻ താല്പര്യമില്ലെന്നായി! ക്നാനായക്കാർ വേറിട്ട ഒരു സമൂഹമാണെന്നും അതുകൊ് ഇക്കാര്യത്തിൽ അദ്ദേഹത്തിന് ഫലപ്രദമായി ഒന്നും പ്രവർത്തിക്കുവാൻ കഴിയുകയില്ലെന്നുമായി പുതിയ നിലപാട്. തി രുമേനി കയ്യൊഴിഞ്ഞതോടെ ഋജുബുദ്ധിയായ അച്ചന് പ്ര

യാസമായി. അദ്ദേഹം ഉടനെ പരി. പ ാത്രിയർക്കീ സ് ബാവായെ ഫോണി ലൂടെ കാര്യങ്ങൾ അറിയിച്ചു. ''ന ിങ്ങൾ മാർ ദിവന്നാസ്യോസുമായി ആലോചിച്ച് ഒരു ധാരണയിലെത്തു ക. എന്നായിരുന്നു പ്രതികരണം. ഇവിടെ ഐക്യമുാകുന്ന കാര്യ ത്തിൽ പാത്രിയർക്കീസ് പക്ഷത്ത് ഒരു പൊതുധാരണയില്ലാത്തതുകൊ് സമാധാനബാദ്ധ്യത ഇവിടെ ഏല്പ ിച്ച് പാത്രിയർക്കീസ് ബാവ തലയൂരി. സാർവ്വത്രികമായ കൊളോണിയൽ മനോഭാവമായി ഈ പ്രതികര ണത്തെ കാൽ മതിയാകും. അതാ യത് വിധേയരുടെ ഇടയിലെ ഭിന്നത നിലനിർത്തി സ്വന്തം മേൽക്കോയ്മ അംഗീകരിപ്പിക്കുക എന്ന സമീ പനം ഇവിടെയും പ്രയോഗിച്ചെന്നു മാത്രം. ഈ വിഷയത്തിൽ തീരു മാനം ഒന്നും ഉാകാത്തതിൽ അച്ചൻ ദുഃഖിതനായി. അഭിപ്രായ സമന ്വയം സൃഷ്ടിക്കുന്നതിനുള്ള ദൗ ത്യവുമായി ദിവന്നാസ്യോസ് മെത്രാ ച്ചനെ കാണുവാനായി അദ്ദേഹം കോതമംഗലത്തെത്തി. സഭാകാര്യം ഒഴികെ എന്തെങ്കിലും വിഷയമുെ ങ്കിൽ അച്ചനെ കാണുന്നതിൽ വിരോ ധമില്ല എന്നായിരുന്നു ശെമ്മാശൻ വഴി തിരുമേനി നൽകിയ അറിയി പ്പ്. തനിക്ക് സഭാകാര്യമൊഴികെ ഒരു വിഷയവും അദ്ദേഹവുമായി ആലോചിക്കാനില്ലെന്ന് മറുപടി നൽകി അ ച്ചൻ അരമനയുടെ നടയി റങ്ങി. സഭാസമാധാനകാര്യവുമായി ഒരു സഭാദ്ധ്യക്ഷനെ കാണാൻ പേ ായിട്ട് സന്ദർശനാനുമതി പോലും നിഷേധിച്ച സം ഭവം ഏറെ മനോ വ്യഥയോടെയാണ് പിന്നീട് അച്ചൻ എന്നോട് വിവരിച്ചത്. ഒരു കാല ഘട്ടത്തിൽ മലങ്കരസഭയുടെ ചരി ത്രത്തിൽ നിർണ്ണായകപങ്കുവഹിച്ച ആദരണീയനായ ഒരു വൈദീകന് ഉായ അപമാനം മറ്റാരിലും ഒരു പ്ര തികരണവും സൃഷ്ടിച്ചില്ല. സഭൈ ക്യശ്രമങ്ങളോട് വിടചൊല്ലി തന്റെ ഇടവകയിലെയും കുടുംബത്തി ലെയും കാര്യാന്വേഷണം മാത്രം ന ടത്തി ശിഷ്ടായു ് കഴിക്കാനാണ് താല്പര്യമെന്ന് അച്ചൻ ഇതിനു ശേഷം ഒരിക്കൽ എന്നോട് പറയു കയുമുായി.

‘ഇനിയെന്ത്?’ എന്നു ചിന്തിച്ച് ഞാൻ കഴിയുമ്പോഴാണ് അടുത്ത ശ്രമത്തിന് സാധ്യത തുറന്നുകിട്ടി യത്. പാത്രിയർക്കീസ് പക്ഷത്തിന്റെ കോട്ടയം ഭദ്രാസനമെത്രാപ്പോലീത്ത തോമസ് മാർ തിമോത്തിയോസ് കോ ട്ടയത്ത് Common Civil Code സംബന്ധിച്ച് കേരള കൗൺസിൽ ഓഫ് ചർച്ചസ് സംഘടിപ്പിച്ച ഒരു ചർച്ചയിൽ പങ്കെടുക്കാനെത്തി. ചട ങ്ങു കഴിഞ്ഞ് മടങ്ങുമ്പോൾ പതി വില്ലാ ത്ത സൗഹൃദഭാവത്തോടെ അദ്ദേഹത്തിന്റെ അരമനവഴി ചെല്ലു വാൻ എന്നെ ക്ഷണിച്ചു. ഏറെ കാലമായി അടുപ്പം കാണിക്കാതി രുന്നതുകൊ് ഇങ്ങനെ ഒരു ക്ഷണം കിട്ടിയപ്പോൾ പോകണമെന്നുായി രുന്നെങ്കിലും സമയക്കുറവുമൂലം എനിക്ക് സാധിച്ചില്ല. താമസിയാതെ മറ്റൊരു സമ്മേളനത്തിൽ കുമുട്ടാൻ അവസരമുായി. ഇത്തവണ ക്ഷണം വീും ആവർത്തിച്ചു. യോഗത്തിൽ എന്റെ ചുമതല നിർവ്വഹിച്ചുകഴിഞ്ഞ് ഞാൻ, എനിക്കുമുമ്പ് തിരിച്ച അദ്ദേ ഹത്തിന്റെ താമസസ്ഥലത്ത് എത്തി.

1994 ൽ അദ്ദേഹം ഗൾഫ് മേഖ ലയുടെ ചുമതല വഹിക്കുന്ന സന്ദർഭ ത്തിൽ ബഹറിൻ പള്ളിയിൽ ഒരു പ്രശ്നാവസ്ഥയുായി. അവിടത്തെ അച്ചൻ മെത്രാച്ചനെ സ്വാധീനിച്ച് തന്റെ സേവനകാലപരിധി നിബന്ധ നകൾ ലംഘിച്ച് നീട്ടിവാങ്ങിക്കൊ ിരുന്നു. ഇത് ഇടവകയുടെ താല് പ ര്യം പരിഗണിക്കാതെ കൂടിയായിരു ന്നു. ഈ പ്രശ്നം ഒരു പ്രതിസന്ധി യിലേയ്ക്ക് നീങ്ങാതെ പരിഹാരം കാണുവാൻ ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടതുകൊ് മറ്റ് പ്രകോപ നമൊന്നുമില്ലാതെ എന്നോടു പ ി ണങ്ങി. പിന്നീട് ലാത്തൂർ ഭൂകമ്പ ത്തിൽ പെട്ടവരെ സഹായിക്കുവാന ായി സമാഹരിച്ച് അദ്ദേഹത്തെ ഏല് പിച്ച പണത്തിന്റെ കണക്ക് സിന ഡിൽ ആവശ്യപ്പെട്ടതിൽ ക്ഷുഭിതന ായതിരുമേനിയോട് ശ്രേഷ്ഠബാവാ ‘ന്യായമായ ചോദ്യത്തിന് ആബൂൻ ക്ഷോഭിക്കുന്നതെന്തിന്’ എന്നു ചോദിച്ചു. ഇതിന്റെ പിമ്പിൽ ഞാനാ ണെന്ന ധാരണയിൽ എന്നോടുള്ള പിണക്കത്തിന് മൂർച്ച കൂടുകയും ചെയ്തു. നേരിട്ടും അല്ലാതെയും ഈ പിണക്കം നീക്കാൻ ഞാൻ ശ്രമിച്ചെങ്കിലും അദ്ദേഹം അതിന് വഴിപ്പെട്ടില്ല. അതുകൊ് കോടിതി വിധി വന്നകാല ത്തും പിന്നീടും സഭാകാര്യങ്ങൾ സം ബന്ധിച്ച് അദ്ദേഹത്തോട് സംസാരിക്കാൻ അവസരം ലഭിച്ചിരുന്നില്ല. ഇടക്കാ ലംകൊ് അദ്ദേഹം പാത്രിയർക്കീസ് പക്ഷത്തെ തീവ്രവാദിയായിത്തീരു കയും ചെയ്തിരുന്നു. അതുകൊ് സാന്ദർഭികമായി എന്നോടുകാണിച്ച സൗഹൃദം എന്നെ അത്ഭുതപ്പെടു ത്താതിരുന്നില്ല. ഇക്കാര്യങ്ങളെല്ലാം അദ്ദേഹത്തിന്റെ അരമനയിലേ യ്ക്കുള്ള യാത്രയ്ക്കിടയിൽ എന്റെ മന ിലൂടെ കടന്നുപോയി.

അദ്ദേഹത്തിന്റെ താമസസ്ഥ ലത്ത് ഞാൻ എത്തി. സാധാരണ കാണിക്കാറുള്ള ഒരുതരം ‘ഉൾപ ിടുത്തം’ (retentiveness) മുമ്പത്തെ പോലെ അപ്പോൾ കില്ല. സംസാര ത്തിൽ അല്പം അയവുകതിനാൽ സഭാകാര്യവും ഞാൻ വിഷയമാ ക്കി. സഭയുടെ ഭാവിയും ദൗത്യവും അവഗണിച്ച് സഭയിൽ കലഹവും പ ിളർ പ്പും സൃഷ്ടിക്കുന്നതിനെതിരെ എ ന്തെങ്കിലും കൂട്ടായി ചെയ്യുന്നത് നല്ലകാര്യമായിരിക്കും എന്ന് ഞാനെ ാരു അഭിപ്രായം പറഞ്ഞു. കുറെനേ രം നിശബ്ദനായി ഇരുന്നശേഷം ‘അതിന് ഇരുഭാഗത്തുമുള്ളവർ ഒന്ന് കൂടിയിരുന്നു ചിന്തിക്കുന്നത് നല്ലതായിരിക്കും’ എന്നു മറുപടി പ റഞ്ഞു. അടുത്ത ആഴ്ചതന്നെ കൂടി ക്കാഴ്ച ആകാമെന്നു പറഞ്ഞ് പ ിരിഞ്ഞു. 1999 നവംബറിൽ ആയി രുന്നു ഈ സംഭവം.

മുൻതീരുമാന പ്രകാരം കോട്ട യത്ത് അദ്ദേഹത്തിന്റെ അരമനയിൽ വച്ചുതന്നെയായിരുന്നു കൂടിക്കാഴ്ച. എബ്രാഹാം മാർ സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്,

ശ്രീ. കുര്യാക്കോസ് ചെന്നേക്കാടൻ, പ്രൊഫ. ഡോ. എം.പി. മത്തായി എന്നിവരും ഞാനും ഉൾപ്പെട്ട സംഘമാണ് ആലോചനയ്ക്ക് എത്തിയത്. എന്നാൽ ഗൗരമായ ചർച്ചയ്ക്കുള്ള തയ്യാറെടുപ്പൊന്നും അവിടെ കാണാത്തത് ഞങ്ങളിൽ ശങ്ക ഉണർത്താതിരുന്നില്ല. എവിടെ നിന്നോ അടിത്തൂൺ പറ്റിപ്പിരിഞ്ഞ ഒരു പ്രായംചെന്ന മനുഷ്യൻ മാത്രമേ അദ്ദേഹത്തോടൊപ്പം ചർച്ചയ്ക്കുായിരുന്നുള്ളൂ. അയാൾക്കാകട്ടെ സഭാസംബന്ധമായ കാര്യങ്ങളെപ്പറ്റി യാതൊരു ധാരണയും ഉായിരുന്നതായി അനുഭവപ്പെട്ടുമില്ല.

ഇത്തവണ മുമ്പുക 'മൂഡിൽ' ആയിരുന്നില്ല തിരുമേനി. ആകപ്പാടെ മുറുകിവരിഞ്ഞ നിലയിലായിരുന്നു. കാര്യമായ സൗഹൃദമൊന്നും കാണിച്ചില്ല. സംസാരമാകട്ടെ വളരെ പ്രകോപനപരവും. സഭയിൽ സമാധാനം ഉാകേതിന്റെ ആവശ്യം വിശദമാക്കിക്കൊ് അതിന് പാത്രിയർക്കീസ് പക്ഷത്തിന് പ്രയാസമൊന്നും ഉാകാത്തവിധം മാദ്ധ്യസ്ഥം വഹിക്കാൻ ഞങ്ങൾ ഒരുക്കമാണെന്ന് ആമുഖമായി ഞാൻ പറഞ്ഞു. ഓർത്തഡോക്സുകാർ ഒരു വഞ്ചക സമൂഹമാണെന്നും ഞങ്ങൾ യാക്കോബായക്കാരെ ഒറ്റുകൊടുക്കുന്നവരാണെന്നുമൊക്കെയായി പ്രതികരണം. അതുകൊ് സഭായോജിപ്പിന് ത ങ്ങൾ ഇല്ലെന്നും തിരുമേനി തുറന്നടിച്ചു. തിരുവല്ല കട്ടപ്പുറത്തുപള്ളിയിൽ നിന്ന് ആരോ അയച്ച കത്ത് യാതൊ രു സാംഗത്യവുമില്ലാതെ അദ്ദേഹം ഞങ്ങളെ ആവേശപൂർവ്വം വായിച്ചുകേൾപ്പിച്ചു. സൗഹൃദാന്തരീക്ഷവും പ്രസക്തമായ ചർച്ചയും പ്രതീക്ഷിച്ച് എന്റെകൂടെ എത്തിയവർ അസ്വസ്ഥരായി. രംഗം വഷളാകാതിരിക്കാൻ ഞാൻ തന്ത്രപൂർവ്വം വിഷയം മാറ്റി. ആതിഥേയൻ നല്ല പിരിമുറുക്കത്തിലായിരുന്നതിനാൽ സംസാരം ദീർഘിപ്പിക്കാതെ, തയ്യാറാക്കിയിരുന്ന ഭക്ഷ ണം കഴിച്ച്, നന്ദി പ്രകാശിപ്പിച്ച്, വീ ും കാണാമെന്നു പറഞ്ഞ് ഞങ്ങൾ മടങ്ങി.

പിരിഞ്ഞുകഴിഞ്ഞ് അദ്ദേഹത്തിന് എന്തോ മാനസാന്തരം ഉായതുപോലെ തോന്നി. ഒരിക്കൽക്കൂടി കാണണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഇത്തരമൊരു കൂടിക്കാഴ്ചയ്ക്ക് എന്നോടൊപ്പം പോന്നിരുന്നവർക്ക് താല്പര്യം ഉായിരുന്നില്ല. ആദരണീയരായ വ്യക്തികളോട് അനാദരവു കാണിച്ചതിനാൽ വീുമൊരു കൂടിക്കാഴ്ചയ്ക്ക് എനിക്ക വരെ നിർബന്ധിക്കുവാനും തോന്നിയില്ല. ഏതായാലും സഭാസമാധാന ചർച്ചയിൽ മടുത്തുപിന്മാറരുതല്ലോ. അതുകൊ് മിലിത്തിയോസ് തിരുമേനിയും ഞാനും മാത്രമായി അദ്ദേഹത്തെ കാണാമെന്നുവച്ചു.

നിശ്ചയിച്ചിരുന്ന സമയത്തു തന്നെ ഞങ്ങൾ സ്ഥലത്തെത്തി. വീും അദ്ദേഹം മുൻപ്രാവശ്യത്തെ മാനസികാവസ്ഥയിലായിരുന്നു. മു മ്പുകപ്പോഴത്തെ ഡയലോഗ് ഒരിക്കൽക്കൂടി, കടുപ്പത്തിൽത്തന്നെ, ആവർത്തിച്ചു. സഹികെട്ട് മിലിത്തിയോസ് തിരുമേനി എഴുന്നേറ്റുപോകാൻ തുടങ്ങിയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കുപ്പായത്തിന്റെ ഇടക്കെട്ടിൽ പിമ്പിൽനിന്ന് മെല്ലെ പിടിച്ചിരുത്തി. സംസാരിച്ചിട്ടു കാര്യമില്ലെന്ന് ഞങ്ങൾ രുപേർക്കും ബോദ്ധ്യമായി. തികഞ്ഞ ആത്മസംയമനത്തോ ടെ കുറച്ചുനേരം മറ്റ് കാര്യങ്ങൾ പറഞ്ഞിരുന്നു സമയം നീട്ടി ഭക്ഷണവും സ്വീകരിച്ച് ഞങ്ങൾ മടങ്ങി.

രവസരങ്ങളിലും വളരെ അപൂർവ്വവും വിചിത്രവുമായ രീതിയിൽ തീമോത്തിയോസ് തിരുമേനി സംസാരിച്ചതിൽ എന്നോടൊപ്പമുായിരുന്നവർ കുണ്ഠിതരായിരുന്നു. അവർക്കു പരിചയമുള്ള ശ്രേഷ്ഠ ബാവായോ ഞാനോ ഈ രീതിയിൽ സംസാരിച്ച് അവർ കേട്ടിട്ടുായിരുന്നില്ല. അദ്ദേഹത്തെ ബാഹ്യകേരള ഭദ്രാസനമെത്രാപ്പോലീത്താസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്ത കാര്യം, കാലം ചെയ്ത ശ്രേഷ്ഠ ബാവായെ ഞാൻ അറിയിച്ചപ്പോൾ, ബാവായിൽ നിന്ന് പൊടുന്നനെ ഉായ പ്രതികരണം എന്റെ ഓർമ്മയിൽ ഉായിരുന്നതുകൊ് തിരുമേനിയുടെ സംസാരത്തിലും പെരുമാറ്റത്തിലും എനിക്കുമാത്രം അസ്വസ്ഥതയോ അത്ഭുത മോ തോന്നിയില്ല. ചില കാര്യങ്ങൾക്ക് അവ ചെയ്യുന്ന വ്യക്തിയെ പഴിച്ചിട്ടു കാര്യമില്ല. വിദ്യാഭ്യാസമോ, വേദശാസ്ത്രപഠനമോ ഒന്നും ഇത്തരക്കാരിൽ ഗുണപരമായ മാറ്റമൊന്നും വരുത്തുന്നതിന് പര്യാപ്തമാകുന്നില്ലല്ലോ എന്ന് ഓർത്തുപോകുന്നു.

ഇവിടെ സഭ യോജിക്കേ എന്ന നിലപാടാണ് മെത്രാന്മാരിൽ പലർക്കുമുള്ളത്. സഭ ദൈവത്തിന്റെയാണ്, സഭൈക്യം ദൈവതാല്പര്യമാണ് എങ്കിൽ സഭൈക്യം വേന്നുപറയാൻ, ആ രീതിയിൽ പ്രവർത്തിക്കുവാൻ, സഭാദ്ധ്യക്ഷന്മാർക്ക് എന്തവകാശം? ഇവർ പഠിച്ച വേദശാസ്ത്രം ഏതാണ്. ഇവർക്കുള്ള സഭാവിജ്ഞാനീയം എന്താണ്. എന്നൊക്കെ ഞാൻ ചിന്തിച്ചുപോകു


## ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ
വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.
സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid) *പ്രവേശനം നൽകുന്നു*

ന്നു. മേലിൽ തിമോത്തിയോസ് തിരുമേനിയുമായി ചർച്ച നടത്തുന്നതിൽ അർ ത്ഥമില്ല എന്നെനിക്ക് ബോധ്യപ്പെട്ടു. അടുത്തകാലത്ത് ശ്രേഷ്ഠബാവാ അദ്ദേഹത്തെ വെട്ടിയൊതുക്കി ഒരു പരുവത്തിലാക്കിയപ്പോൾ അദ്ദേഹത്തിന് എന്നോട് സംസാരിക്കാൻ ആഗ്രഹമുള്ളതായി പറഞ്ഞ് എന്റെ അടുക്കൽ ആളയച്ചിരുന്നു. ഓർത്തഡോക്സ് സഭയിൽ ചേരാൻ സമ്മതമെന്ന് രേഖാമൂലം അറിയിച്ച ശേഷമാകാം ഇനി സംസാരം എന്നു പറഞ്ഞ് ഞാൻ താല്പര്യക്കുറവ് അറിയിക്കുകയും ചെയ്തു.

ഏതായാലും പഴയ സുഹൃത്തുക്കളുമായി സംസാരിക്കാൻ ആരംഭിച്ച നിലയ്ക്ക് അത് തുടരാമെന്നുതന്നെ തീരുമാനിച്ചു. എല്ലാവരും ഒരുതരക്കാരല്ലല്ലോ. മലബാർ ഭദ്രാസനത്തിലെ യൂഹാനോൻ മാർ ഫിലക്സിനോസ് മെത്രാപ്പോലീത്തയുമായിട്ടായിരുന്നു അടുത്ത ആലോചന. കൊച്ചിയിലെ ജോസഫ് മാർ ഗ്രീഗോറിയോസിനോ ട് ചർച്ച ചെയ്തിട്ട് കാര്യമില്ലെന്ന് അറിയാമായിരുന്നതുകൊ് അതിന് പോയില്ല. പാത്രിയർക്കീസ് വിഭാഗത്തിന് കോടതിയിൽ തട്ടുകേട് വരുമ്പോഴൊക്കെയും അദ്ദേഹം ദേവലോകവുമായി വ്യക്തിപരമായി ബന്ധം പുലർത്തുന്നതായി ഞാൻ അറിഞ്ഞിട്ടു്. അവിടെ എന്തെങ്കിലും കാര്യമായ നിയമപ്രശ്നമുായാൽ ഇവി ടെ ഒരു ഇടം തരപ്പെടുത്തണമെന്നുള്ള ലക്ഷ്യത്തിനപ്പുറം അദ്ദേഹത്തിന് എന്തെങ്കിലും ഉദ്ദേശ്യമുള്ളതായി എനിക്കു തോന്നിയിട്ടില്ല. എബ്രഹാം മാർ സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവരോടൊന്നിച്ചായിരുന്നു ഫിലക്സിനോസ് തിരുമേനിയെ കാണാനുള്ള മീനങ്ങാടി യാത്ര. കാര്യമായ സ്നേഹാദരവുകളൊക്കെ അദ്ദേഹം ഞങ്ങളോട് കാണിച്ചു. സഭയോജിപ്പിന് തനിക്ക് താല്പര്യമാണെന്ന് അദ്ദേഹം തീർ ത്തുപറഞ്ഞു. എന്നാൽ തന്റെ ഭദ്രാസനത്തിലെ വൈദീകർ അധികവും മാർ ദിവന്നാസ്യോസിന്റെ ശിങ്കിടികളാകയാൽ സ്വന്തമായി ഒരു നിലപാടെടുത്താൽ അദ്ദേഹം പുറത്താക്കും എന്നു ഭയപ്പെടുന്നതായി കൂട്ടിച്ചേർ ത്തു. ദിവന്നാസ്യോസ് തിരുമേനി ജീവിച്ചിരിക്കുന്നിടത്തോളം കാലം സഭയിൽ ഐക്യമുാവുകയില്ല എന്നു സ്ഥാപിക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. അദ്ദേഹത്തിന്റെ നി ഹായാവസ്ഥയിൽ സഹതപിച്ച് ഞങ്ങൾ തിരികെപ്പോന്നു. ദിവന്നാസ്യോസ് തിരുമേനിയെ ഭയപ്പെട്ട് സ്വന്തം നിലനിൽപ്പു മാത്രം കരുതി കഴിഞ്ഞിരുന്ന അദ്ദേഹത്തിന്റെ ഇന്നത്തെ സ്ഥിതി അതിൽകൂടുതൽ സഹതാപകരമാണെന്നത് ആധുനികകാല വൃത്താന്തം. പിരിയുന്ന സമയത്ത് താൻ എന്നെങ്കിലും മൂവാറ്റുപുഴയിൽ വരുമ്പോൾ അരമനയിൽ വരാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നെങ്കിലും ആ ഉറപ്പ് ഇന്നും നിറവേറാതെ അവശേഷിക്കുന്നു.

മേൽപ്പറഞ്ഞ ഇനത്തിൽപ്പെട്ടവരെ സഭായോജിപ്പിനായി കിട്ട് കാര്യമില്ലെന്ന് എനിക്കുവ്യക്തമായി. സ്വന്തമായി അഭിപ്രായവും നട്ടെല്ലും ഇല്ലാതെ, സ്വന്തം ഇംഗിതം മറച്ചുവച്ച്, മറ്റുള്ളവരെ കാണുമ്പോൾ വ്യവസ്ഥയില്ലാതെ സംസാരിക്കാത്തവരുമാ യുള്ള സമാധാന സംഭാഷണം പാഴ് വേലയാണെന്നത് പൂർണ്ണമായും ബോദ്ധ്യപ്പെട്ടു. കാര്യത്തിന് നീക്കുപോക്കുാകണമെങ്കിൽ ദിവന്നാസ്യോസ് തിരുമേനി തന്നെ തീരുമാനിക്കണം. അദ്ദേഹത്തിന്റെ മുന്നിൽ മുട്ടടിക്കുന്ന മെത്രാപ്പോലീത്താമാർ ക്ക് സസുഖം കഴിഞ്ഞുകൂടണമെന്നതിൽ കവിഞ്ഞ് ജീവിതലക്ഷ്യമൊ ന്നും ഉള്ളതായി തോന്നിയില്ല. സഭാമേലദ്ധ്യക്ഷന്മാരിൽ സ്വന്തം താല്പര്യങ്ങൾക്ക് അപ്പുറം തങ്ങളുടെ വിളിയോടും സഭയുടെ ഉത്തമതാല്പര്യങ്ങളോടും ഉാകേ മൗലീക സത്യസന്ധത (radical honesty) ഇല്ലാതായാൽ സ്വന്തം നേട്ടങ്ങൾക്കുപരി സഭാസേവനത്തെ കാണാൻ ആവില്ല. സത്യത്തിൽ ഇവരാരും സഭായോജിപ്പിന് എതിരാണെന്ന് എനിക്കു തോ ന്നിയിട്ടില്ല. യോജിച്ച സഭയിൽ തങ്ങളുടെ അവസ്ഥയെക്കുറിച്ചുള്ള ഭയം, നീതിക്കൊപ്പം നിന്നാൽ ഇന്നു കൂടെയുള്ളവർ നിരാകരിക്കുമോ എന്ന ചിന്ത, വൈകാരിക സ്വാധീനങ്ങളോടുള്ള വിധേയത്വം മുതലായവയെല്ലാം കൂടെ ഇവരെ നിഷ്ക്രിയരാക്കുന്നു എന്നുമാത്രം. തന്റേടക്കുറവിനും കഴിവുകേടിനും ഒരപവാദമായി ഞാൻ കത് ദിവന്നാസ്യോസ് തിരുമേനിയെയാണ്. അദ്ദേഹം ശ്രമിച്ചാൽ കാ ര്യം നടക്കും. പക്ഷേ എങ്ങനെ അദ്ദേഹവുമായി സംഭാഷണം സാധ്യമാകും? ഏതായാലും അദ്ദേഹവുമായി ബന്ധപ്പെടുവാൻ തന്നെ തീരുമാനിച്ചു. അതിനുള്ള നീക്കങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഇതുവരെ നടന്ന ശ്രമങ്ങളും ചർച്ചകളുമെല്ലാം പരാജയപ്പെട്ടതിൽ ദുഃഖമു്. എങ്കിലും നിരാശയില്ല. സഹകരിക്കാത്തവരോട് വിദ്വേഷവുമില്ല, പകയുമില്ല. ദൈവവിളി നിറവേറ്റുവാനുള്ള യത്നം എന്നും ദുരിതപൂർണ്ണമായിരിക്കും. ഇതെനിക്ക് അനുഭവപാഠമാണ്. അത്തരം ജീവിതം ഇതിനോടകം

## 22-ാം വയ ിലേയ്ക്ക്

ഈ ലക്കത്തോടെ ഡയോസിസൻ ബുള്ളറ്റിൻ 21 വർഷം പിന്നിടുകയാണ്. ഇതുവരെ മാന്യവായനക്കാർ മാസികയ്ക്ക് നൽകിയ എല്ലാ സഹകരണത്തിനും പ്രോത്സാഹനത്തിനും നന്ദിപ്രകാശിപ്പിക്കുന്നു. തുടർന്നും അവ പ്രതീക്ഷിക്കുന്നു.

ചീഫ് എഡിറ്റർ

ലേഖനം

# ബൈബിൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം

ഫാ. എബ്രാഹാം കാരാമേൽ

മതം രാഷ്ട്രീയത്തിൽ ഇടപെടരുത് എന്നത് സംബന്ധിച്ച് ചർച്ചകൾ ഇന്ന് കേരളത്തിൽ വളരെ സജീവമാണ്. എന്തുകൊണ്ട് ഇത്തരത്തിലുള്ള അഭിപ്രായങ്ങളിലേയ്ക്ക് പൊതുസമൂഹം എത്തിച്ചേരുന്നത് എന്നതിന് വിവിധ കാരണങ്ങളുമാകാം. മതവും രാഷ്ട്രീയവും തമ്മിലുള്ള അകലം എത്രമാത്രമാകാം എന്തെല്ലാമായിരിക്കാം ഓരോന്നിന്റെയും ആശയലോകം സമൂഹ്യമായ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണ് എന്നതിനെക്കുറിച്ചെല്ലാം അടുത്ത കാലത്താ യി വളരെ ആശയങ്ങൾ രൂപപ്പെട്ടുവന്നിട്ട്. ഈ ആശയഗതികൾ മുന്നോട്ടുവയ്ക്കുന്നവർ ആരുംതന്നെ വസ്തുതാപരമായ അന്വേഷണമോ, പഠനമോ അവലംബിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന നിരീക്ഷണങ്ങളാണെന്ന് തോന്നുന്നില്ല. മറിച്ച് ചരിത്രസംഭവങ്ങളെ നിരീക്ഷിച്ചതി ന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വിലയിരുത്തലുകൾ മാത്രമാണ്. മതത്തിന്റെ പൊതുവായ രാഷ്ട്രീയം, വേദപുസ്തകം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം എന്നതിനെക്കുറിച്ചും പഠനങ്ങളും ചർച്ചകളും നിരീക്ഷണങ്ങളും പതിറ്റാുകളായി നടക്കുന്നവ തന്നെയാണ്.

രാഷ്ട്രത്തെപ്പറ്റിയുള്ള സമഗ്രദർശനമാണ് രാഷ്ട്രീയം. ബന്ധങ്ങളും വിനിമയങ്ങളും അധികാരവും സമ്പത്തും അങ്ങനെ ഓരോന്നും രാഷ് ട്രീയം എന്ന പരിപ്രേക്ഷ്യത്തിന് ഉള്ളിൽ വരുന്നു. വ്യവസ്ഥിതികൾ, നിയമങ്ങൾ എന്നിവ അസന്തുലിതമാകുമ്പോൾ സമ്പത്തിന്റെ വിനിമയം ക്രമരഹിതമാകുമ്പോൾ, മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ എല്ലാം ചോദ്യങ്ങളുയരുന്നു, ചെറുത്തുനിൽപ്പുകൾ രൂപപ്പടുന്നു, ബദലുകൾ നിർദ്ദേശിക്കപ്പെടുന്നു. ഓരോന്നിനും അതിന്റേതായ വിശകലനങ്ങൾ കഴക്കാം. എന്നിരുന്നാലും ചരിത്രത്തിൽ കാലാകാലങ്ങളിൽ ഉാകുന്ന പ്രതികരണങ്ങളാണ് രാഷ്ട്രം എന്ന ആശയത്തെത്തന്നെ രൂപപ്പെടുത്തുന്നത്. ദൈവം ചരിത്രത്തിൽ പ്രത്യേകിച്ച് രാഷ്ട്രങ്ങളോടും ജനതകളോടും നടത്തിയ ഇടപെടലുകൾ ആണ് വേദപുസ്തകം. ഇതാണ് വേദപുസ്തകം നമ്മുടെ മുമ്പിൽ തുറന്നുവയ്ക്കുന്നത്. ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലുകൾ ദർശിച്ച ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അതുകൊണ്ട് വേദപുസ്തകത്തിന് ഇന്നും രാഷ്ട്രങ്ങളോടും രാഷ് ട്രീയത്തോടും സംസാരിക്കാൻ സാധിക്കുന്നതും സംസാരിക്കാനുള്ളതും.

രാഷ്ട്രീയം എന്നതിനെ കക്ഷിരാഷ്ട്രീയമായി ഒതുക്കി മറ്റിടപെടലുകളോ വിമർശനങ്ങളോ ഇല്ലാതെ സ്വതന്ത്രമായി വിഹരിക്കാനുള്ള ഒന്നാണ് എന്ന ധാരണയാണ് പൊതുവേ പ്രചരിക്കുന്നത്. ക്രൈസ്തവസഭകൾക്ക് എങ്ങനെ രാഷ്ട്രീയത്തെക്കുറിച്ചും മറ്റ് സാമൂഹിക വിഷയങ്ങളെ സംബന്ധിച്ചും ധൈര്യപൂർവ്വം സം സാരിക്കാൻ സാധിക്കും. സാമൂഹ്യമായ തിന്മകളോട് പ്രതികരിക്കാതെ വായടച്ചിരിക്കുന്ന സഭകൾക്ക് എങ്ങ നെ തിരുത്തായി നിലപാടെടുക്കാൻ സാധിക്കും? സ്വയമായി തിരുത്തപ്പെടലിനു വിധേയമാകാതെ സമൂഹത്തിലോ സമൂഹ്യപ്രശ്നങ്ങളിൻ മേലോ ഇടപെടാൻ സാധിക്കാതെ പോകുന്ന സഭകളും വിശുദ്ധ ഗ്രന്ഥ ത്തെ വീും വായിച്ചു തുടങ്ങണം. ഈയൊരു സാഹചര്യത്തിലാണ് വി ശുദ്ധ ഗ്രന്ഥം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തെക്കുറിച്ച് ചില നിരീക്ഷണങ്ങൾ നടത്താൻ ഇവിടെ ശ്രമിക്കുന്നത്.

### വേദപുസ്തക രചനയുടെ രാഷ്ട്രീയം

ക്രിസ്തുവിന്റെ കാലത്ത് സുശക്തമായ റോമാസാമ്രാജ്യം അതിവിസ്തൃതവും സുസംഘടിതവുമായിരുന്നു. ഇരുന്നൂറുവർഷം നീ രക്തച്ചൊരിച്ചിലിന്റെയും നിരന്തരമായ പോരാട്ടങ്ങളുടെയും അന്ത്യം കുറിച്ചുകൊ് അഗസ്തൂസ് സീസറുടെ കാലം എത്തിച്ചേരുന്നു. ഭരണചക്രം സുഗമമായിരുന്നെങ്കിലും സാമുദായികവും സാമൂഹ്യവുമായ അസമത്വങ്ങളും ഉച്ചനീചത്വങ്ങളും ചൂഷണങ്ങളും സാമ്രാജ്യത്തിൽ തേർവാഴ്ച നടത്തി. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വലുതായിവന്നു. അടിമത്ത സമ്പ്രദായം സാർവ്വത്രികമായി. സാമൂഹ്യവ്യവസ്ഥിതി അടിമത്തത്തിൽ അധിഷ്ഠിതമായി. അടിച്ചേൽപ്പിക്കപ്പെടുന്ന നികുതിഭാരം ജനങ്ങൾക്ക് ദുർവ്വഹമായി വന്നു. ഈ സാഹചര്യത്തിൽ ദരിദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ എന്ന് ഗലീലായിൽ മുഴങ്ങിക്കേട്ട സദ്വാർത്ത ജനങ്ങൾക്ക് ആശ്വാസവും പ്രത്യാശയും പകരുന്നതായിരുന്നു. അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസം നൽകുന്ന ഇടം. സുവിശേഷം രൂപപ്പെട്ട പരിസരം വിവിധ മതങ്ങളും തത്വശാസ്ത്രങ്ങളും നവീനപ്രസ്ഥാനങ്ങളുമെല്ലാം കൂടിച്ചേർന്ന് രൂപപ്പെടുത്തിയതായിരുന്നു എന്നത് പ്രത്യേകം എടുത്തുപറയേതാണ്. സുവിശേഷം അതുകൊുതന്നെയാണ് ഇന്നും പ്രസക്തമാകുന്നത്. രൂപീകരണത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ എപ്രകാരം സംവ

ദിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ത ന്നെയായിരിക്കണം ഇന്നും സുവിശേഷം സംസാരിക്കേത്. അതായത്, സമീപനത്തിന്റെ രീതിശാസ്ത്രം (methodology) ഒന്നു തന്നെയാകണം. പ്രതികരണങ്ങൾ കാലഘട്ടങ്ങൾക്ക് അനുസരിച്ച് മാറിവരാം.

ക്രിസ്തുവിനെ ഗ്രേക്കോ-റോമൻ സാസ്ക്കാരിക പരിസരത്ത് പ്രതിഷ്ഠിക്കാനുള്ള ശ്രമമാണ് വേദപുസ്തക രചനയിൽ എത്തിച്ചേരുന്നത്. ക്രിസ്തുവിന്റെ ശുശ്രൂഷ നിലനിന്നിരുന്ന രാഷ്ട്രീയ മത സാംസ്ക്കാരിക സാഹചര്യങ്ങളോടുള്ള പ്രതികരണത്തിൽ നിന്ന് രൂപപ്പെട്ടതാണ്. ക്രിസ് തുവിന്റെ പഠിപ്പിക്കലുകളും വച ുകളും മറ്റൊരു ലോകത്തെക്കുറിച്ചല്ലായിരുന്നു. എന്നാൽ മറ്റൊരു ലോകത്തെക്കുറിച്ച് ആലോചിക്കാനും പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നതായിരുന്നു അത്. ഒന്നുകൂടിപ്പറഞ്ഞാൽ ഒരു ജനത മുഴുവനും ചരിത്രപരമായി അനുഭവിക്കുന്ന അനീതിക്കും അക്രമത്തിനും അസന്തുലിതമായ സാമ്പത്തിക വിനിമയത്തിനും പലായനങ്ങൾക്കും അതീതമായ ഒരു ബദൽ ലോകംതന്നെ ആയിരുന്നു ക്രിസ്തു. ഇതെല്ലാം അനുവാചകരുടെ മുമ്പിൽ തുറന്നുവയ്ക്കുന്ന പുസ്തകമാണ് ബൈബിൾ. രചനാപരമായി വേദപുസ്തകം നിർവ്വഹിക്കുന്ന ദൗത്യവും ദൈവത്തിന്റെ ഇടപെടലുകൾ വഴി മാറ്റിമറിക്കപ്പെടുന്ന ഒരു ലോകത്തെക്കുറിച്ചും ജനതകളുടെ പ്രതീക്ഷകളെക്കുറിച്ചും പ്രതികരണങ്ങളെക്കുറിച്ചും രേഖപ്പെടുത്തുകയാണ് ഇവിടെ. രചനാരീതി, പ്രതിപാദനരീതി, ക്രോഡീകരണം, അവതരണം എന്നിങ്ങനെ വേദപുസ്തക രചനയുടെ ഓരോ ഘട്ടങ്ങളും സൂക്ഷ്മമായ പഠനങ്ങൾക്ക് വിധേയമായിക്കഴിഞ്ഞു. ഇവിടെയെല്ലാം സുവിശേഷകൻ തന്റെ തന്നെ രാഷ്ട്രീയ സാമൂഹ്യ പരിസരത്തിന് അനുയോജ്യമായി ത്തന്നെയാണ് ക്രിസ്തുവിനെ അവതരിപ്പിക്കുന്നത്. ക്രിസ്തു ജീവിച്ച അതേ നൂറ്റാിൽത്തന്നെ അവനെ ഇത്രമാത്രം കാലികമായി അവതരിപ്പിക്കാൻ സുവിശേഷകന്മാർ ശ്രമിച്ചെങ്കിൽ നാമിന്ന് അത് അവഗണിക്കുകയാണ്. ചുരുക്കത്തിൽ നാം അവതരിപ്പിക്കുന്നത് ഒന്നാം നൂറ്റാിൽ ഇടപെട്ട ക്രിസ്തുവിനെത്തന്നെയാണ്. അതുകൊണ്ട് ഇന്ന് ക്രിസ്തുവി ന്റെ രാഷ്ട്രീയം ഒരു വെല്ലുവിളിയായി നമുക്ക് അനുഭവപ്പെടാത്തത്.

ക്രിസ്തു പ്രയോഗത്തിലാണ് തന്റെ പ്രവർത്തനങ്ങളെ നിർവ്വഹിക്കുന്നത്. വിവിധ രീതികളും മാധ്യമങ്ങളും തന്റെ ശുശ്രൂഷ ഫലപ്രദമായി ജനങ്ങളിലെത്തിക്കാൻ ക്രിസ്തു ശ്രമിക്കുന്നു്. ഈ ഇടപെടലുകളിലൂടെ പ്രായോഗികമായി സംഭവിക്കുന്ന രാഷ്ട്രീയ പ്രതികരണങ്ങളാണ് ചർച്ച ചെയ്യപ്പെടേത്.

**കൂട്ടായ്മകൾ രൂപപ്പെടുന്നു**

ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ഏറ്റവും ഫലപ്രദമായ അദ്ധ്യായം എന്നത് അതുവരെയും സൃഷ്ടിക്കപ്പെടാത്ത കൂടിച്ചേരലുകൾക്ക് ക്രിസ് തു വേദിയാകുന്നു എന്നതാണ്. ചുങ്കക്കാർ, സ്ത്രീകൾ, രോഗികൾ പൊതുസമൂഹത്തിൽ നിന്ന് പലകാരണങ്ങളാലും മാറ്റി നിറുത്തപ്പെട്ടവർ ഇങ്ങനെയുള്ള എല്ലാവരും ക്രിസ്തുവിൽ ഏകീകരിക്കപ്പെടുന്നു. ശക്തമായ രാഷ്ട്രീയമാണ് ഇത്. കൂട്ടായ്മകളാണ് പാലസ്തീന്റെ ഭരണം നിർവ്വഹിച്ചിരുന്നത്. റോമാ ഗവൺമെന്റും യഹൂദ മതാധികാരികളും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടുകളാണ് ഭരണം നടത്തിയിരുന്നത്. ഇതിനെ രാഷ്ട്രീയമായി ചെറുക്കണമെങ്കിൽ പുതിയ കൂട്ടായ്മകൾ ഉായേ പറ്റൂ എന്ന് ക്രിസ്തു കരുതിയിരിക്കണം. ചരിത്രപരമായി സംഘടിതരല്ലാത്തവർ സംഘടിതരാകുന്ന സാഹചര്യം ഇന്നത്തെ കാലഘട്ടത്തിലും നമുക്ക് കാണാൻ സാധിക്കും. കൃഷിക്കാരും കുടിയിറക്കപ്പെടുന്നവരും പരിസ്ഥിതി ധർമ്മം നിർവ്വഹിക്കുന്നവരും എല്ലാം പുതിയ കൂട്ടായ്മകളാകുന്നതുപോലെ തന്നെ, അന്ന് ക്രിസ്തുവാണ് പുതിയ കൂട്ടായ്മകളുടെ കേന്ദ്രമെങ്കിൽ ഇന്നത്തെ ക്രിസ്തുസഭകൾ വളരെ അകലെ കാഴ്ചക്കാർ മാത്രമാണ്. അന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ക്രിസ്തു കൂട്ടുകൂടുന്ന എരിവുകാർ (Zealots) എന്ന വിഭാഗത്തെ ശ്രദ്ധാപൂർവ്വം മന ിലാക്കേതാണ്.

യേശുവിന്റെ അടുത്ത അനുയായികളിൽ പലരും എരിവുകാർ ആയിരുന്നു. നിയമത്തെ സ്നേഹിക്കുന്നവരുമായി പ്രത്യേക സ്നേഹം യേശു പുലർത്തിയിരുന്നു എന്നു വേണം അനുമാനിക്കാൻ. അവർ ദേശീയവാദികളും റോമൻ അധികാരത്തെ ശക്തമായി എതിർക്കുന്നവരുമായിരുന്നു. അതോടൊപ്പം സമാഗതമാകുന്ന രാജ്യത്തെക്കുറിച്ചുള്ള പ്രത്യാശയും. അതോടുകൂടി എല്ലാ അടിമത്തങ്ങളും അവസാനിക്കുമെന്നും അവർ കരുതിയിരുന്നു. യേശുവിന്റെ ശിഷ്യന്മാരിൽ എരിവുകാർ ഉായിരുന്നു എന്നാണ് പണ്ഡിതന്മാർ പറയുന്നത്. എരിവുകാരനായ ശീമോൻ, സബദിയുടെ മക്കൾ, ഇസ്ക്കറിയാത്തോയൂദാ, പത്രോസ് എന്നിവരെല്ലാം ഈ ഗണത്തിൽ പെടുത്താം എന്ന് പൊതുവേ അനുമാനിക്കപ്പെടുന്നു്. ഇവരുടെ പഠിപ്പിക്കലുമായി യേശുവിന്റെ ഉപദേശങ്ങൾക്ക് ബന്ധം ദർശിക്കാൻ ശ്രമം നടക്കുന്നുമു് (മത്തായി 11:12). യേശുവിന്റെ ദേവാലയ ശുദ്ധീകരണം, തുടങ്ങിയ മറ്റ് കാരണങ്ങളാൽ യേശുവിനെയും ശിഷ്യന്മാരെയും എരിവുകാരുടെ ഗണത്തിലാണ് പലപ്പോഴും പെടുത്തിയിരുന്നത് (അപ്പോ. 5:37; 21:38). എരിവുകാർ തങ്ങളുടെ രാഷ്ട്രീയ പ്രവർത്തനംകൊ് ദൈവരാജ്യം സാധ്യമാണ് എന്നു ചിന്തിക്കുമ്പോൾ ക്രിസ്തു ദൈവരാജ്യം ഒരു സമ്മാനമാണ് എന്നാണ് പഠിപ്പിക്കുന്നത്. യേശു ഇവരിൽ നിന്ന് അകലം പാലിച്ചിരുന്നു എന്നതും പ്രത്യേകം ശ്രദ്ധി

ക്കേ വസ്തുതയാണ്. യേശുവിന്റെ പരസ്യശുശ്രൂഷയും താൻ സൃഷ്ടിക്കുന്ന കൂട്ടായ്മകളുടെ വൈവിധ്യത്തെക്കുറിച്ചും സൂചിപ്പിക്കാനാണ് ഈ ബന്ധങ്ങളെക്കുറിച്ച് പറഞ്ഞത്. ഹിംസാത്മകമായ രാഷ്ട്രീയത്തിൽ നിന്ന് അകലം പാലിച്ചെങ്കിലും മാറ്റത്തിനുവേയുള്ള ആഗ്രഹമാണ് രാഷ്ട്രീയമായി ഇവർ പങ്കുവെയ്ക്കുന്നത്.

യഹൂദസമൂഹത്തിൽ ഏറ്റവും തിരസ്കൃതരായിരുന്ന സ്ത്രീകളുമായി ക്രിസ്തു സൃഷ്ടിക്കുന്ന ബന്ധം അന്നത്തെ സാമൂഹ്യബന്ധങ്ങളെ അടിമുടി പിടിച്ചുലയ്ക്കുന്നതായിരുന്നു. സ്ത്രീകൾ ക്രിസ്തുവിൽ പുതി യ പദവിയും സ്വരൂപവും കത്തെുകയായിരുന്നു. യേശുവിന്റെ തലയിൽ അഭിഷേകതൈലം ഒഴിക്കുന്ന സ്ത്രീ (മർക്കോ. 14:1–9) ക്രിസ്തുവിൽ സ്ത്രീ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. യേശുവിന്റെ അടുത്ത് ധൈര്യമായി കടന്നുചെല്ലാനും അവന്റെ തലയിൽ തൈ ലം ഒഴിക്കാനും സാധിച്ചത് ക്രിസ്തുവിൽ അത്രമാത്രം സ്വാതന്ത്ര്യവും അടുപ്പവും അനുഭവിച്ചിരുന്നു എന്നതിന്റെ ഉദാഹരണമാണ്. ഇത് സ്വകാര്യമായി ചെയ്യുന്ന പ്രവൃത്തിയല്ല മറിച്ച് വിരുന്നു മേശയിൽ വച്ചാണ് ഇത് ചെയ്യുന്നത്. പഴയനയിയമ പാരമ്പര്യം അനുസരിച്ച് അഭിഷേകതൈലം ഒഴിക്കുന്നത് (പുറപ്പാട് 30:30) പുരോഹിതന്മാരാണ്. ഇവിടെ സ്ത്രീ ആണ് ആ പദവിയിലേയ്ക്ക് എത്തിച്ചേരുന്നത്. ലാസറിന്റെ സഹോദരിമാർ, പാപിനിയായ സ്ത്രീ, കുരിശിൻ ചുവട്ടിലെ സ്ത്രീകൾ, കല്ലറയിലെ സ്ത്രീകൾ, സ്ത്രീ ശിഷ്യകൾ (ലൂക്കോസ് 8:1–3) ഈ ഉദാഹരണങ്ങൾ എല്ലാം കാണിക്കുന്നത് ക്രിസ്തു തന്റെ ജീവിതത്തിൽ പുലർത്തിയ സമീപനം നിലവിലുള്ളതിനെ വെല്ലുവിളിക്കുന്നതായിരുന്നു എന്നതാണ്.

കൂട്ടായ്മകൾ സൃഷ്ടിക്കപ്പെടുന്നത് കാരുണ്യപൂർവ്വമായ നിലപാടുകൾ കൊുമാത്രമല്ല, നീതിപൂർവ്വമായ ലക്ഷ്യങ്ങൾക്കുവേ ഒരുമിച്ചു ചേരുമ്പോഴാണ്. ക്രിസ്തുവിലൂടെ സൗഖ്യമാകുന്നവരും അവൻ കൈപടിച്ച് മുഖ്യധാരയിലേയ്ക്ക് കൊുവരുന്നവരും (ലൂക്കോസ് 5:12–16) തികച്ചും അപ്രസക്തരെന്ന് സമൂഹം കരുതിയിരുന്നെങ്കിലും വളരെ പെട്ടെന്ന് ക്രിസ്തുകേന്ദ്രമായ കൂട്ടായ്മയുടെ ഭാഗമായി മാറുന്നു. ഇത്തരത്തിൽ കൂടിവരുന്ന ചെറുസംഘങ്ങളുടെ രാഷ്ട്രീയം നാം തിരിച്ചറിയേതാണ്. ഇന്ന് നാം നൽകുന്ന സൗഖ്യങ്ങൾ വ്യക്തികളുടെ സൗഖ്യം എന്ന തിലുപരി സാമൂഹ്യമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടാതെപോകുന്നത് എന്തുകൊാണ് എന്ന് ചിന്തിക്കേതാണ്. ക്രിസ്തുവിനുവേയുള്ള കൂട്ടായ്മകൾ സാധ്യമാകാതെ വരുന്നതും എന്തുകൊാണ് എന്ന് ചിന്തിക്കണം.

തിരസ്കരണം എന്നതിലല്ല രൂപാന്തരം എന്ന ആശയത്തിലേയ് ക്കാണ് ക്രിസ്തു കൂട്ടായ്മകൾ എ ത്തിച്ചേരുന്നത്. പ്രതിലോമകരമായ എല്ലാ സാഹചര്യങ്ങൾക്കും അതീതമായി ശക്തമായ പ്രതിരോധമായി മാറാൻ സാധിക്കുക എന്നത് തന്നെയാണ് പ്രധാനം. ഒരുമിച്ചുള്ള ഭക്ഷണമാണ് ഏതൊരു സംഘം ചേരലിന്റെയും ക്ലൈമാക്സ്. ഒരുമിച്ച് ഇരുന്ന് ഭക്ഷണം കഴിക്കുമ്പോൾ പുതിയ ഒന്നിന്റെ തുടക്കമാകുന്നു (മത്തായി 9:10). എത്രആയിരം പേരുള്ള കൂട്ടായ്മകൾ ക്രിസ്തു രൂപീകരിച്ചു (മർക്കോ. 6:34–44). അവസാനം തന്നത്താൻ പങ്കിട്ടുകൊടുത്താണല്ലോ (മർക്കോ. 14:17–31) ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയും സമ്പൂർണ്ണമാക്കുന്നത്. ഒരുമിച്ചിരുത്തി ഒരേ ഭക്ഷണം വിളമ്പിക്കൊടുക്കുന്ന സഭാസമൂഹങ്ങൾക്കേ രാഷ്ട്രീയ ഇടപെടലുകൾക്ക് ഉറപ്പുള്ള നേതൃത്വമാകാൻ സാധിക്കൂ.

**വിമർശനത്തിന്റെ രാഷ്ട്രീയ പ്രയോഗം**

വിമർശനം എന്നും ഒരു രാഷ്ട്രീയ ഇടപെടലിന്റെ ഉപാധിയാണ്. ജനാധിപത്യത്തിൽ മാധ്യമങ്ങളുടെ പങ്ക് നിർണ്ണായകമാണല്ലോ. ക്രിസ്തു ആരെയെല്ലാമാണ് വിമർശിക്കുന്നത്? അനീതിയും അടിമത്തവും അടിച്ചേല്പിക്കുന്ന അനീതിപരമായ നിയമങ്ങളെ നിർമ്മിക്കുകയും അടിച്ചേല്പിക്കുകയും ചെയ്യുന്ന മതാധികാരികളെ അനീതിയുടെ സാമൂഹിക ഘടനകളെയെല്ലാമാണ് ക്രിസ്തു വിമർശിക്കുന്നത്. ക്രിസ്തു വിമർശിക്കുന്നത് മതത്തിന്റെ അന്ത:സത്തയെയല്ല മറിച്ച് രാഷ്ട്രീയത്തിനും മതത്തിനും വേ അട്ടിമറിക്കപ്പെട്ട അല്ലെങ്കിൽ പുനരാഖ്യാനം ചെയ്യപ്പെട്ട മതനിയമങ്ങളെയാണ് ക്രിസ്തു ചോദ്യം ചെയ്യുന്നത്. ശാബതിനെപ്പറ്റിയുള്ള നിലപാട് ശാ ബതിനെതിരായിട്ടല്ല, ശാബതിന്റെ പ്ര യോഗം മാത്രമെടുത്ത് ഉള്ളടക്കം വിട്ടുകളഞ്ഞതിനെതിരെയാണ്. ശു ദ്ധി അശുദ്ധി സങ്കല്പങ്ങളോടും ക്രിസ്തു എന്നും കലഹിക്കുന്നു.

റോമൻ ഭരണകൂടത്തിന്റെ കീഴിലുള്ള ഹേരോദിനെ കുറുക്കൻ (ലൂക്കോസ്. 13:32) എന്ന് വിളിക്കുമ്പോഴും സാദൂക്യരുടെ നയസമീപനങ്ങളെ യും വിശ്വാസത്തെയും ക്രിസ്തു എ തിർക്കുമ്പോഴും റോമാ ഭരണകൂടത്തെ എതിർത്തവരെങ്കിലും പരസ്പരാശ്രയത്വം ആഗ്രഹിച്ചിരുന്ന പരീശപ്രമാണിമാർക്കെതിരെ നിലപാടെടുക്കുമ്പോഴും ക്രിസ്തു ആഗ്രഹിക്കുന്നത് ഒന്നുമാത്രം. നീതിയെ തിരിച്ചറിയുന്ന സമൂഹത്തെ ഒരുക്കുക മാത്രമാണ് ക്രിസ്തു ചെയ്യുന്നത് (മത്തായി 5:20). പരീശന്മാരെയും നിയമജ്ഞരെയും ക്രിസ്തു വിമർശിക്കുമ്പോൾ പലതും വിമർശനവിധേയമാകുന്നു (ലൂക്കോസ് 11:37–54; 20:45–47, മത്തായി 23:6–7, മർക്കോ. 12:38–40). പ്രവൃത്തികൾ, മതം, സമീപനങ്ങൾ, വസ്ത്രം ഇങ്ങനെ പോകുന്നു അതി ന്റെ പട്ടിക. മതാധികാരികളെ ചോദ്യം ചെയ്യുമ്പോഴും ധരിക്കുന്ന വസ്ത്രത്തിന്റെ രാഷ്ട്രീയവ

ും പ്രത്യയശാസ്ത്രവും (ideology) യേശു വിമർശന വിധേയമാക്കുന്നത് ഏറ്റവും നല്ല ഉദാഹരണമാണ്. വസ്ത്രങ്ങൾക്കും സംസാരിക്കാൻ സാധിക്കും. ധനസമ്പാദനവും അധികാരവും പിടിച്ചുവാങ്ങാൻ സാധിക്കും. എത്ര കടുത്ത വിമർശനമാണ് യേശു നടത്തുന്നത്!

വ്യവസ്ഥാപിത മതത്തിന്റെ എ ല്ലാ ജീർണ്ണതകളെയും ക്രിസ്തു പുറത്തുകൊവുവരുന്നു്. യഹൂദമതത്തിന്റെ അധികാരികൾ നിലവിലുായിരുന്ന റോമാ രാശഷ്ട്രീയ ഭരണാധികാരികളുടെ ഭരണനിർവ്വഹണ യന്ത്രമായി മാറുമ്പോൾ മതം മറ്റൊരു രൂപം പ്രാപിക്കുകയാണ്. നാസി ജർ മ്മനിയിൽ ഹിറ്റ്ലറുടെ അടിച്ചമർ ത്തൽ ഭരണത്തിന് സഹായകരമായ നിലപാടെടുത്ത സഭകൾ ഉായിരുന്നു എന്നത് ചരിത്രത്തിന്റെ തുടർ വർത്തമാനം.

**ആശയലോകത്തിന്റെ രാഷ്ട്രീയം**

എക്കാലത്തും രാഷ്ട്രീയം ഒരു പ്രായോഗിക പദ്ധതിയാകുന്നത് ബദലുകളെ നിർദ്ദേശിക്കാൻ സാധിക്കുമ്പോഴാണ്. പ്രവർത്തനങ്ങളെക്കുറി ച്ച് വ്യക്തമായ ബോധ്യവും ലക്ഷ്യങ്ങളെക്കുറിച്ചുള്ള വ്യക്തതയുമാണ് ആശയപരമായി ഒന്നിനെ മന ലിലാക്കാൻ എല്ലാവരെയും പ്രാപ്തരാക്കുന്നത്. നിലവിലുള്ളത് അക്രമാസക്തവും ക്രൂരവും അനീതി നിറഞ്ഞതുമാകുമ്പോഴാണ് മറ്റൊന്ന് ആവശ്യമായിവരുന്നത്. ചരിത്രത്തിൽ നിലനിൽക്കുന്നതിനെ വിമർശനവിധേയമാക്കി മറ്റൊന്നിനെ ആശയവത്കരിച്ച് അവതരിപ്പിക്കുമ്പോൾ അത് ബദലായി രൂപപ്പെടും. ക്രിസ്തു ദൈവരാജ്യം എന്ന ആശ്രയത്തിൽ നിന്നുകൊാണ് ഇത് അവതരിപ്പിക്കുന്നത്.

ദൈവരാജ്യത്തിന്റെ വേദശാസ്ത്ര വിചിന്തനങ്ങൾ എന്തുമായിക്കൊള്ളട്ടെ നിവിലുള്ളതിന് ബദലായ മറ്റൊരു വ്യവസ്ഥിതിയാണ് അവതരിപ്പിക്കപ്പെട്ടത്. അതിരുകൾ ഉള്ള രാജ്യം എന്ന ആശയം യിസ്രായേലിന്റെ ചിന്തയിൽ ഉായിരുന്ന ഒന്നല്ല. നാടോടി പാരമ്പര്യത്തിൽ നിന്നും അതിന്റെ ആവാസ വ്യവസ്ഥിതിയിൽ നിന്നും പെട്ടെന്ന് രാജ്യവും രാജാവും എല്ലാം ഉാകുന്ന ജനത. എക്കാലത്തും ദൈവം രാജാവാണ് എന്ന് പഠിപ്പിച്ചിരുന്നെങ്കിലും അനീതിയുള്ള ഭരണവും യുദ്ധങ്ങളും മത്സരങ്ങളും പിടിച്ചടക്കലുകളുമെല്ലാം കാണുമ്പോൾ ഒന്ന് ബോദ്ധ്യപ്പെട്ടു രാജാവ് ദൈവം അല്ല എന്നത്. യിസ്രായേലിന്റെ ചരിത്രം പരിശോധിച്ച് ക്രി സ്തുവരെയെത്തുമ്പോഴും അവർ മറ്റാരുടേയോ കീഴിലാണ്. അടിമത്തം അനുഭവിക്കുകയാണ്. ഉള്ളതിലും അധികമായി നികുതികൊടുക്കേി വരികയാണ്. മനുഷ്യന്റെ നീറുന്ന ആകാംക്ഷയുടെ മദ്ധ്യേ ആണ് ക്രി സ്തു ദൈവരാജ്യത്തെ അവതരിപ്പിക്കുന്നത് അല്ലെങ്കിൽ ദൈവരാജ്യമായി അവതരിക്കുന്നത്.

ദൈവരാജ്യം കടുകുമണിയോട് സദൃശം (മത്തായി 13:31-33) എന്ന് പർവ്വതപ്രസംഗത്തിൽ ക്രിസ്തു പഠിപ്പിക്കുമ്പോൾ മൂന്ന് കാര്യങ്ങളാണ് പ്രധാനമായും മുന്നോട്ടുവയ്ക്കുന്നത്. ഒന്ന് കടുകുമണി ചെറുതാണ് എന്നതാണ്. ഷൂമാക്കർ Small is beautiful എന്ന ഗ്രന്ഥം എഴുതുമ്പോൾ ചെറുതിനെ ആഘോഷിക്കാൻ വേിയാ ണ് അതെഴുതിയത്. എന്നും ഗുണപരത ആയിരിക്കണം പ്രധാനം. എത്രയു് എന്നതിലല്ല. രാമതായി അതൊരു വലിയ വൃക്ഷമായിത്തീരുന്നു. ചെറിയ വിത്തിന്റെ ഉള്ളിലെ വലിയ സാധ്യതയാണ് അത്. ദൈവരാജ്യം ഒരിക്കൽ ഉദ്ഘാടനം ചെയ്യപ്പെടുന്നതും പിന്നീട് നൂറ്റാുകൾ ക്കും കാലങ്ങൾക്കും അതീതമായി വളരേുമായ ഒന്നാണ്. മൂന്ന് അങ്ങനെ വളരുന്ന ആ മരത്തിൽ എല്ലാത്തിനും ഇടമു്. ആരും തിരസ്കൃതരാകുന്നില്ല. പക്ഷിക്കും മറ്റ് പറവജാതികൾക്കും മനുഷ്യനും എല്ലാവർക്കും അതിൽ കാര്യമു്.

'നിന്റെ രാജ്യം വരണമേ' എന്ന് പ്രാർത്ഥിക്കാൻ എല്ലാവരെയും ക്രിസ്തു പഠിപ്പിക്കുമ്പോൾ നാം ഇന്നും ഉരുവിട്ട് പ്രാർത്ഥിക്കുമ്പോൾ അനീതി നടത്തുന്ന, കൈക്കൂലി വാങ്ങുന്ന പാവപ്പെട്ടവരെ പടിയിറക്കുന്ന, രോഗികളെ നരകയാതനയ്ക്ക് വിട്ടുകൊടുക്കുന്ന, സമ്പന്നർക്ക് എല്ലാ സൗഭാഗ്യങ്ങളും ഒരുക്കിക്കൊടുത്ത് സാമ്പത്തിക വളർച്ചയെ ആഘോഷിക്കുന്ന രാഷ്ട്രങ്ങളോ അധികാരങ്ങളോ ഒന്നും നമ്മെ ഭയപ്പെടുന്നില്ല; ക്രിസ്തുവിനെ ഭയപ്പെട്ടിരുന്നു. അവൻ ആ രാജ്യത്തിന്റെ അടയാളമായിരുന്നു. നാം അവനിൽ നിന്ന് എത്രയോ അകലെയാണ്. നമ്മെ പിന്നെ ആര് ഭയപ്പെടും!

**മാനസാന്തരം ക്രിസ്തുവിന്റെ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനം**

മാനസാന്തരം ബൈബിളിന്റെ പ്രധാന സന്ദേശമാണ്. സുവിശേഷത്തിന്റെ പ്രധാനമായ ആഹ്വാനവും അതുതന്നെയാണ്. അതുകൊുതന്നെ മാനസാന്തരത്തിന്റെ രാഷ്ട്രീയം വിചിന്തനം ചെയ്യപ്പെടേുതന്നെയാണ്. മാനസാന്തരം തികച്ചും വ്യക്തിനിഷ്ഠമായി സംഭവിക്കുന്ന ഒന്നാണെങ്കിലും അതിന് സാമൂഹ്യമാനം കൈവരുമ്പോഴാണ് അതിന്റെ പ്രസക്തി കൂടുതൽ അർത്ഥമുള്ളതായിത്തീരുന്നത്. സക്കായിയുടെ മാനസാന്തരം (ലൂക്കോ. 19:1-10) തന്റെ ഭൗതീക സാഹചര്യങ്ങളെ സമ്പത്തിനോടുള്ള സമീപനത്തെ രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള പ്രതികരണത്തെ എല്ലാം അടിമുടി സ്വാധീനിക്കുന്നു്.

ഒരാൾക്ക് മൗലികമായി ഉാകുന്ന മാറ്റത്തെയാണ് മാനസാന്തരം എന്നതുകൊ് അർത്ഥമാക്കുന്നത്.


**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലംമ | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

*വേദപുസ്തക പഠനം:*
വി. മത്തായി 13:24-30; 36-44

# നന്മ വളരുന്നത് തിന്മയ്ക്കിടയിൽ

ഡോ. തോമസ് അത്താനാസ്യോസ്

**ദൈ**വം നീതിമാനാണ്. എന്നിട്ടും തിന്മയുടെ ഘടനകളും ദുഷ്ടത പ്രവർത്തിക്കുന്ന മനുഷ്യരും ഈ ലോകത്ത് നിലനിൽക്കുന്നതിൽ ദൈവം ഇടപെടാത്തതെന്തുകൊ് എന്നത് പലരും മന ിൽ കൊുന ടക്കുന്ന ഒരു ചോദ്യമാണ്. നന്മ ചെയ്യുന്ന മനുഷ്യർ എന്തുകൊാ ണ് തിന്മയുടെ മൂർത്ത ഭാവങ്ങൾക്കിടയിൽ പീഡനം അനുഭവിക്കുവാൻ ദൈവം ഇടവരുത്തുന്നത്? ഇത് തുടർന്നുള്ള ചോദ്യവുമാണ്. തിന്മയുടെ സാന്നിധ്യം കൊ് നീതിമാന്മാർക്കുാകുന്ന സഹനത്തെ ദൈവം എന്താണ് സഹിഷ്ണുതയോടെ വീക്ഷിക്കുന്നത് എന്നത് എക്കാലത്തെയും മനുഷ്യന്റെ ഒരു അന്വേഷണമായിരുന്നു.

ഇതുകൂടാതെ പവിത്രമായ സംരംഭങ്ങളിലും, സ്ഥാപനങ്ങളിലും അഴിമതിയും തിന്മയും കാണുന്നു. അപഹരണവും തട്ടിപ്പും കൊലപാതകവുമെല്ലാം സഭയിലും മറ്റ് മത പ്രസ്ഥാനങ്ങളിലും ഭരണസംവിധാനങ്ങളിലും നടക്കുന്നു. ഇതുപോലെയുള്ള മേഖലകളിൽ പോലും നടമാടുന്ന ദുഷ്ടതയ്ക്ക് നീതിമാനായ ദൈവം എന്തുകൊ് അറുതി വരുത്തുന്നില്ല? ഒരുപക്ഷേ ഈ സമസ്യയുടെ ഉത്തരം കത്തൊനുള്ള സൂചനയായിട്ടാ കും ഗോതമ്പും കളയും ഒരുമിച്ച് വളരാൻ അനുവദിക്കുന്ന കൃഷിക്കാര ന്റെ ഉപമ കർത്താവ് നൽകുന്നത് (വി. മത്തായി 13:24-30). ശിഷ്യന്മാരുടെ അഭ്യർത്ഥന പ്രകാരം അദ്ദേഹം ഈ ഉപമയുടെ സാരം വിശദീകരക്കുക യും ചെയ്യുന്നു് (വി. മത്തായി 13:36-44). ഗൗരവമായ പഠനത്തിന് വിഷയമാകേ ഒരു വേദഭാഗമാണിത്.

ദൈവരാജ്യത്തെ സംബന്ധിച്ച ഒരു ഉപമയാണിത്. ദൈവരാജ്യം നല്ല വിത്തുവിതച്ചുാകുന്ന ഗോതമ്പുചെടികൾക്കൊപ്പം കളകളും മുളച്ചുവളരാൻ അനുവദിച്ചതിനോട് സദൃശം എന്നാണ് ഇവിടെ പറയുന്നത്. ഗോതമ്പിന്റെ വളം അപഹരിക്കുകയും അതിനെ ഞെരുക്കുകയും ചെയ്യുന്ന കളകളെ പിഴുതുമാറ്റാമെന്ന ഭൃത്യന്മാരുടെ നിർദ്ദേശത്തെ അവഗണിച്ച് അവ ഗോതമ്പിനോടൊപ്പം ഇടകലർ ന്ന് വളരുവാൻ കൃഷിക്കാരൻ അനുവദിക്കുന്നു. കള നശിപ്പിക്കുന്നത് വിളവെടുപ്പിനൊപ്പമാണ്. ആ സമയത്ത് കളകളുടെ സാന്നിധ്യത്തിന്റെ സാം ഗത്യം അവസാനിച്ചിരിക്കും.

ഇതൊരു മാതൃകാ കൃഷിരീതിയായി സാധാരണബുദ്ധിയിൽ കാണുവാനാവില്ല. ഗോതമ്പിനൊപ്പം കളകൾ വളർന്നാൽ വിളവു കുറയുമെന്ന് നമുക്ക് അനുഭവമാണ്. കള നീക്കം ചെയ്യാൻ കർഷകൻ അനുവദിക്കുന്നുമില്ല. ഇവിടെയാണ് വൈരുധ്യം. അതാണ് ഉപമയുടെ സത്തയും.

ശിഷ്യന്മാരുടെ ആവശ്യപ്രകാരം കർത്താവ് ഈ ഉപമയ്ക്ക് വിശദീകരണം നൽകുന്നു. ഇവിടെ കർഷകൻ മനുഷ്യപുത്രനായ താൻ തന്നെയാ ണ്. വയൽ ഈ ലോകം. ഗോതമ്പുചെടികൾ ദൈവമക്കൾ.

---

ശൗലിനെ രാജാവാക്കിയതിൽ യഹോവ തന്നെ അനുതപിക്കുന്നു (മറ്റ് ഭാഷാന്തരങ്ങളിൽ ഖേദിക്കുന്നു, മനസ്താപമായിരിക്കുന്നു, എന്ന് ചേർത്തിരിക്കുന്നു) എന്ന് കാണുന്നു് (1ശമു. 15:11). എബ്രായ ഭാഷയിൽ 'ഷൂബ്' എന്ന പദമാണ് മാനസാന്തരം എന്നവാക്കിനായി ഉപയോഗിക്കുന്നത്. ആ പദം അർത്ഥമാക്കുന്നത് ശരിയായ വഴിക്ക് പോകാനായി കാലടികളെ തിരിച്ചു നടക്കുമാറാക്കുന്നു എന്നാണ്. 8-ാം നൂറ്റാിലെ പ്രവാചകന്മാർ ആരാധനാപരവും അനുഷ് ഠാനപരവുമായ അനുതാപത്തെ ശ ക്തമായി വിമർശിക്കുന്നു്. ദൈവത്തിങ്കലേയ്ക്ക് തിരിച്ചുപോകുന്നതിനെയാണ് അനുതാപമായി ആമോസ് കാണുന്നത് (4:6, 8, 9, 10, 11). ഏശയ്യാവ് സാമൂഹ്യനീതിയിലേയ്ക്കുള്ള (1:10-17, 58:5-7) പ്രവേശനമായിട്ടാണ് അനുതാപത്തെ കാണുന്നത്.

പഴയനിയമ ആശയത്തിൽ നിന്ന് അല്പം മാറി മറ്റൊരു തലത്തിലാണ് അനുതാപത്തെ പുതിയ നിയമം കാണുന്നത്. ഗ്രീക്കിൽ Metanoia പുതിയ വഴിയിലേയ്ക്കുള്ള ദർശനമായോ ചിന്തയായോ ആണ് അനുതാപത്തെ കാണുന്നത്. ക്രിസ്തു അനുതാപത്തെ ദൈവരാജ്യത്തിന്റെ സമാഗമമായിട്ടാണ് പഠിപ്പിക്കുന്നത് (മർക്കോ. 1:14-15).

ജനതകളുടെ മാനസാന്തരത്തിനുവേിയുള്ള ഇടപെടലുകൾ എന്നും രാഷ്ട്രീയമായ ഇടപെടൽ തന്നെ ചുങ്കക്കാരനായ ലേവി യെ വിളിക്കുമ്പോൾ (മർക്കോ. 2:13-17) അവൻ എഴുന്നേറ്റ് വരുന്നത് ചുങ്കം പിരിക്കുന്ന മേശയിൽ നിന്നുതന്നെയാണ്. വ്യക്തിപരവും സാമ്പത്തികവുമായ ലാഭത്തിന് അതീതമായി ഒരാൾ എടുക്കുന്ന സാഹസികമായ നിലപാടാണ് മാനസാന്തരം. ക്രിസ്തുവിന്റെ ഭാഷയിൽ ദൈവരാജ്യത്തിലേയ്ക്കുള്ള പ്രവേശനമാണ്. ആ സമയത്ത് ഈ മാസനസാന്തരം വളരെ ചർച്ച ചെയ്യപ്പെട്ടിരിക്കാം എന്നാണ് ഞാൻ കരുതുന്നത്. ദൈവത്തിന്റെ നീതിക്ക് അനുരൂപമായി മാറാനുള്ള മനുഷ്യന്റെ ആഗ്രഹമാണ് മാനസാന്തരത്തിലേയ്ക്കു നയിക്കുന്നത്. സാമൂഹ്യ-രാഷ്ട്രീയ മാറ്റങ്ങൾക്കുവേ ി പ്രവർത്തന നി

കളകൾ ദു ഷ്ടന്റെ മക്കൾ. ഇവർ ഇടകലർന്ന് കഴിയുന്നു. ഇവരുടെ രക്ഷയും ശിക്ഷ യും നടക്കുന്നത് വിളവെടുപ്പ് അഥവാ അന്ത്യദിവസം മാത്രമാണ്.

കർഷകൻ നല്ല വിത്തുമാത്ര മാണ് വിതയ്ക്കുന്നത്. എന്നാൽ പി ശാച് അതോടൊപ്പം കളകൾ വിത റുന്നു. കൃഷിക്കാരൻ ഇതറിയുന്നു. എങ്കിലും തടയുന്നില്ല. ഭൃത്യന്മാർ കളകൾ നീക്കം ചെയ്യുന്ന ജോലി സ്വയം ഏറ്റെടുത്തിട്ടും കർഷകൻ അതിന് അവരെ അനുവദിക്കുന്നില്ല. വിളവെടുപ്പുവരെ അവ നിൽക്കട്ടെ എന്നാണ് അദ്ദേഹത്തിന്റെ തീരു മാനം.

ഈ ഉപമയുടെ വ്യാഖ്യാനപ്ര കാരം ഈ ലോകത്തിൽ ദുഷ്ടത യുടെ ഉത്ഭവവും നിലനിൽപ്പും ദൈവം അറിഞ്ഞും അനുവദിച്ചു മാണ്. അല്ലെങ്കിൽ അവ നിലവിൽ വന്നതും നിലനിൽക്കുന്നതും ദൈവ ത്തിന് തടയാമായിരുന്നു. എന്നാൽ അത് സംഭവിക്കുന്നില്ല. ദുഷ്ടമനു ഷ്യരുടെയും തിന്മയുടെ ഘടനകളു ടെയും സൃഷ്ടി അതേപടി ദൈവം നടത്തുന്നുമില്ല. എങ്കിലും അവ യുടെ സൃഷ്ടിയും നിലനിൽപ്പും നടക്കുന്നത് ദൈവാധികാരത്തിനും ശക്തിക്കും പുറത്തല്ല. ദൈവത്തിന്റെ അനുവാദപ്രകാരമാണെന്ന് സൂചന. അതായത് തിന്മയുടെ വിളയാട്ടം ദൈവം തടയുന്നില്ല എന്നുമാത്രമല്ല, അതിന് മൗനാനുമതി നൽകുകയും ചെയ്യുന്നു. ഗോതമ്പിനും കള യ്ക്കും രൂപസാദൃശ്യമു്. ചെറുപ്രായത്തിൽ അത് കൂടുതലുമാണ്. കളകളെ പ ിഴുതുമാറ്റുന്നത് ഇളം ഗോതമ്പുചെ ടികൾക്ക് കേടുവരുത്തും എന്നാണ് കർഷകന്റെ മറുപടി. ചിലപ്പോൾ അവയിൽ ചിലതുകൂടി പിഴുതെറി യപ്പെടാനും ഇടവരാം. എന്നാൽ ഫലമണിയുമ്പോൾ ഗോതമ്പും കളയും തിരിച്ചറിയാൻ എളുപ്പമാണ്. എന്നാൽ അതുകൊു മാത്രമാണോ വിളവെടുപ്പുകാലം വരെ കളകൾ കൂടെ നിൽക്കട്ടെ എന്ന നിർദ്ദേശം വേലക്കാർക്ക് കൃഷിക്കാരൻ നൽകു ന്നത്? കള മുളച്ചതിലും വളരുന്ന തിലും ഭാരപ്പെടുന്നത് കർഷകനല്ല; അത്രതന്നെ ചുമതലയില്ലാത്ത ഭൃത്യ രാണ്. തന്റെ കൃഷിക്കിടയിൽ കള കൾ മുളച്ചുവളരുന്നതിൽ ഉത്കണ്ഠ പ്പെടാതെ സഹിഷ്ണുതയോടെ ആ കർഷകൻ അത് കാണുന്നെങ്കിൽ വേലക്കാർ എന്തിന് വേവലാതിപ്പെ ടണം?

നന്മ ചെയ്യുന്നവരും തിന്മ ചെയ്യുന്നവരും ഇടകലർന്ന് കഴി യേിവരുന്നത് ദൈവം അറിയാതെ യല്ല. അ തിൽ ദൈവീക പദ്ധതിയു്. ആദിമാതാപിതാക്കളെ സൃഷ്ടിച്ച പ്പോൾ ദൈവത്തിന് പരീക്ഷകനെ അവരിൽ നിന്ന് അകറ്റിനിർത്താ മായിരുന്നു. അതായത് മനുഷ്യൻ ദുഷ്ടതയുടെ സാന്നിധ്യം അറിഞ്ഞു വളരാനാണ് ദൈവം ആഗ്രഹിക്കു ന്നത്. ഈ ലോകത്തിൽ നന്മയും തിന്മയും പ്രവർത്തിക്കുന്നവർക്ക് സംഭവിക്കുന്നത് എന്താണെന്നു ള്ളതിലും ദൈവത്തിന് അറി വും ഉദ്ദേശ്യവുമു്. ഹാബേലിന്റെ മര ണംതൊട്ട് ക്രിസ്തുവിന്റെ പീഡാ നുഭവം വരെയുള്ള വേദപുസ്തക സംഭവങ്ങൾ വെളിപ്പെടുത്തുന്നത് ദുഷ്ടതയുടെ നിത്യസാന്നിധ്യവും അ തിന്റെ മേൽ നന്മയുടെ വിജ യത്തിന്റെ അനിവാര്യതയുമാണ്. ക്രിസ്തുശിഷ്യസമൂഹത്തിൽ ഈ പീഡനം തുടരുന്നു. കർത്തൃശിഷ്യ സമൂഹത്തിൽ ഇന്നോളവും നന്മ പ്രവർത്തിക്കുന്നവർ ദണ്ഡനവി ധേയരായിരുന്നിട്ടു്. ലോകത്ത് നട ക്കുന്ന പീഡനത്തിനും നന്മ ചെയ്യു ന്നവർ ഏറ്റെടുക്കുന്ന സഹനത്തിന ും അർത്ഥമു് എന്നും അത് ദൈവീക പരിപാലനത്തിൽ നടക്കുന്ന കാര്യ മാണെന്നും അതിന് രക്ഷാകരമായ സൂചനയും അർത്ഥവും ു് എന്നും ന ാം തിരിച്ചറിയേതായു്. ഈ പശ്ചാത്ത ലത്തിൽ മാത്രമാണ് ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ പൊരുൾ നമു ക്ക് വ്യക്തമാകുന്നത്.

അതുകൊ് തിന്മയുടെ സാ ന്നി ധ്യത്തിന് അനുകൂല (positive)മാ യ ഒരു സേവനസാധ്യത ു് എന്ന നിഗമനത്തിലെത്തിച്ചേരേയിരിക്കു ന്നു. യൂദായെ ക്രിസ്തു തന്റെ ശി ഷ്യസമൂഹത്തിൽ തിരഞ്ഞെടുത്തു ചേർത്തത് ആ കൃത്യം നിർവ്വഹിക്കു വാനാണ്. എന്നാൽ തീർച്ചയായും അവനെ അതിൽ കുറ്റവിമുക്ത നാക്കുന്നില്ല. നന്മയുടെ വളർച്ചയ്ക്ക് തിന്മയുടെ സാന്നിധ്യത്തിന്റെ അനി വാര്യ ത കിഴക്കൻ സഭയുടെ വേദപ ുസ്തക വ്യാഖ്യാനത്തിൽ നിഷേധി ക്കുന്നില്ല എന്നത് ശ്രദ്ധിക്കപ്പെടേ ഒരു നിരീക്ഷണമാണ്.

അതായത് അക്രമവും, അഴിമ തിയും, ചൂഷണവും ഉൾപ്പെടെയുള്ള എല്ലാ തിന്മകളും നിറഞ്ഞ ലോകത്ത് അവയുടെ സാന്നിധ്യം തിരിച്ച റിഞ്ഞും ചെറുത്തും നന്മയുടെ പ്ര തീകമായി നിലകൊള്ളുവാനാണ് ദൈവമക്കളുടെ വിളി എന്ന സൂച നയാണ് ഇവിടെ. തീർച്ചയായും തിന്മയുടെ ദുഷ്ടരൂപ വും നശീക രണ സാധ്യതയും തിരിച്ചറിഞ്ഞ് അതിനോടുള്ള പ്രതിരോധത്തിൽ സഹനം അനുഭവിച്ച് നന്മ വളർത്തി സത്ഫലം പുറപ്പെടുവിക്ക ണം എന്നതാണ് ദൈവമക്കളുടെ ബാധ്യ ത. അതായത് വിളവെടുപ്പുകാലം വരെയുള്ള തിന്മയുടെ സഹവാസം നന്മയുടെ സ്വത്വം രൂപപ്പെടുന്നതിൽ നിർണ്ണായക പങ്കാണ് വഹിക്കുന്ന ത്. നന്മ അതിന്റെ പൂർണ്ണതയിലെ ത്തുമ്പോൾ തിന്മയുടെ സാംഗത്യം അവസാനിക്കുകയും അത് നശിച്ച ടങ്ങുകയും ചെയ്യുന്നു.

നന്മ ചെയ്യുന്നവർക്ക് ദൈവീക സംരക്ഷണം കിട്ടണമെന്നും തിന്മ ചെയ്യുന്നവർ ശിക്ഷിക്കപ്പെടണമെ ന്നും ഇക്കാര്യത്തിൽ ദൈവം ജാഗ്ര താപൂർവ്വം ഇടപെട്ടുകൊിരിക്കണ മെന്നും നമുക്കൊരു ധാരണയു്. അതുകൊ് നീതിമാന്മാർ ഞെരുക്ക പ്പെടുമ്പോഴും പാവപ്പെട്ടവർ യാതന അനുഭവിക്കുമ്പോഴും നമ്മുടെ ധാർ മ്മികബോധം ദൈവത്തിനെതിരെ തി രിയുന്നു. നാം ആത്മരോഷം കൊള്ളുന്നു. നമ്മുടെ ധാരണപ്പി ശകാണ് ഇവിടെ പ്രശ്നം. നന്മ ചെയ്യുന്നവർ പീഡനത്തിന് ഇരയാ

കുന്നത് ഏതെങ്കിലും ദൈവീകപ ദ്ധതിയുടെ ഭാഗമാണെങ്കിൽ നാം അത് അത്തരത്തിൽ മന ിലാക്കണം. അതുകൊ് സൽ ക്കർമ്മികൾ എക്കാ ലവും സംരക്ഷിക്കപ്പെടണമെന്നും ദുഷ്ക്കർമ്മികൾ തല്സമയംതന്നെ ശിക്ഷിക്കപ്പെടണമെന്നുമുള്ള മനു ഷ്യന്റെ നീതിബോധത്തിന്റെ അടി സ്ഥാനത്തിൽ ദൈവ ത്തെ വിലയി രുത്തുന്നത് അതിക്രമമായിരിക്കും. അതുകൊ് ദൈവീകതീരുമാനങ്ങ ളുടെ ദുർഗ്രാഹ്യത നാം മന ിലാക്കു കയും, സംഭവിക്കുന്നവയിൽ ദൈവ ഹിതം കത്തൊൻ ശ്ര മിക്കുകയും ചെയ്യേതാണ്. നന്മയുടെ വിളി തിന്മ യുടെ പ്രലോഭനങ്ങൾക്കും കുടില തകൾക്കും മധ്യത്തിൽ, അതിന്റെ സാംഗത്യവും തനിമയും വെളിപ്പെ ടുത്തുകയാണ്. മനുഷ്യന്റെ നീതി ബോധത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ വിലയിരുത്തുകയല്ല.

ഇവിടെ ദൈവരാജ്യം എന്നത് നന്മ ചെയ്യുന്നവരുടെ സംഘടിത സമൂഹം എന്ന അർത്ഥത്തിലല്ല വിവ ക്ഷിച്ചിരിക്കുന്നത്. നന്മയും തിന്മയും ഇടകലർന്ന് കാണുന്നതായാണ് പ രാമർശം. അതായത് തിന്മയിൽ ന ിന്ന് പൂർണ്ണ സ്വതന്ത്രമായ ഒരു മത ഘടനയാണ് സഭയെന്ന ചിന്ത ഈ വേദഭാഗം നൽകുന്നില്ല. സഭയിൽ നന്മയുടെ രൂപഭാവങ്ങൾക്കിടയിലും തിന്മയുടെ മൂലസ്വഭാവങ്ങൾ ു് എന്നതാണ് സൂചന. അതുകൊ് നന്മ മാത്രം അധിവസിക്കുന്ന ഒരു പ്രസ്ഥാനത്തെയോ, സംഘടിത സമൂഹത്തെയോ പറ്റി പരാമർശമില്ല. ദൈവീകവിളിയുടെ അടിസ്ഥാന ത്തിൽ നന്മ പ്രവർത്തിക്കുന്ന, തിന്മ യുടെ സാന്നിധ്യത്തിൽ നന്മയുടെ പൂർണ്ണതയ്ക്കുവേി യത്നിക്കുന്ന വ്യക്തികളെയാണ് ദൈവരാജ്യ ത്തിൽ കാണുന്നത്. ഓരോരുവന ും പുറപ്പെടുവിക്കുന്ന ഫലത്തിന്റെ അടിസ്ഥാനത്തിലാണ് നല്ലവരെയും അല്ലാത്തവരെയും വേർതിരിക്കുന്ന ത്. അതുകൊ് സഭയെ സംഘടിത മതപ്രസ്ഥാനമാക്കുമ്പോൾ അതി നിടയിൽ ധാരാളം ഗോതമ്പിന്റെ രൂപസാദൃശ്യമുള്ള കളകൾ മുളച്ചു വളരുന്നു എന്ന നിരീക്ഷണം ന ിഷേധിക്കുവാനാകില്ല. അതിന്റെ സ്വാധീനമായിരിക്കും പലപ്പോഴും സഭയുടെ സ്വരൂപമായി പ്രകടമാ കുന്നത്. ഇവിടെയാണ് നന്മ പ്ര വർത്തിക്കുന്നവരുടെ പ്രസക്തി വർ ദ്ധിക്കുന്നത്. അവരാണ് ദൈവീക ബീജങ്ങൾ അടങ്ങിയിരിക്കുന്ന–നല്ല ഫലങ്ങൾ ഉല്പാദിപ്പിക്കുന്ന–ഗോ തമ്പുചെടികൾ. അവയുടെ സത്ഗു ണമാണ് തോട്ടത്തിന്റെ–ദൈവരാ ജ്യത്തിന്റെ–മൊത്തം പ്രതിച്ഛായ സൃഷ്ടിക്കേത്.

തിന്മയുടെ ഘടനകളും ദൈവ രാജ്യത്തിൽ നിലനിൽക്കുവാൻ ദൈ വം അനുവദിക്കുന്നുങ്കെിലും അവ യുടെ രൂപീകരണത്തിൽ ദൈവം പ ങ്കോ നിയന്ത്രണമോ വഹിക്കുന്നില്ല. ഇവിടെ തിന്മ ജനിക്കുവാനും വളരു വാനും അനുവാദം നൽകുന്നതും അ തിനെ, നന്മയെ പുലർത്തുന്നതിന ുള്ള സാഹചര്യമായി മാറ്റുന്നതും ദൈവമാണെങ്കിലും അതിന്റെ സൃ ഷ്ടി- പ്രവർത്തന കാര്യങ്ങളിൽ നിന്ന് ദൈവം സ്വതന്ത്രനാണ്. അത് നിർവ്വഹിക്കുന്നത് പിശാചാണ്. പ ിശാചിന്റെ പ്രവൃത്തി, സജ്ജനങ്ങ ളുടെ സ്വയം തിരിച്ചറിവിനും വളർച്ച യ്ക്കുമായി സ്വന്തം പദ്ധതിപ്രകാരം അവരെക്കൊ് പ്രയോജനപ്പെടുത്തി ക്കുകയാണ് ദൈവം ചെയ്യുന്നത്.

അതുകൊ് തിന്മയ്ക്കും അ തിന്റെ മൂർത്തരൂപങ്ങൾക്കുമുള്ള ന ിലനിൽപ്പ് അപേക്ഷികവും സമയാ ധിഷ്ഠിതവും ദൈവാനുവാദപ്രകാ രവും മാത്രമാണ്. ദൈവം അനുവ ദിക്കുന്നിടത്തോളം കാലത്തെ പ്ര വർത്തനാനുമതി മാത്രമേ തിന്മ യ്ക്കുള്ളൂ. അതുകൊ് തിന്മയില്ല എന്ന് പറയാനാവില്ല. ദൈവത്തെ പ്പോലെ സ്വതന്ത്രവും അനാദ്യന്ത വുമായ അസ്തി ത്വം അതിനില്ല. എന്നാൽ ദൈവം അ നുവദിക്കുന്ന കാലപരിധിക്കുള്ളിൽ വ്യാപരി ക്കുന്ന ദുഷ്ടതയുടെ വ്യാവഹാരിക യാഥാർത്ഥ്യം നിഷേധിക്കുവാൻ ആവുന്നതല്ല. ശക്തമായ അതി ന്റെ യാഥാർത്ഥ്യവും സാന്നിധ്യവും മന ിലാക്കിയാണ് നന്മ വളരുന്നത്. തിന്മ ഇല്ല എന്നു പറഞ്ഞാൽ അത് നിത്യവും സ്വതന്ത്രവുമായ യാഥാർ ത്ഥ്യമല്ല എന്നുമാത്രമാണ് അർത്ഥം. ഉപമയിൽ കളകളുടെ ദഹനത്തെ ക്കുറിച്ചു പറയുന്നത് തിന്മയുടെ ന ശ്വരതയുടെ സൂചനയാണ്. നന്മ അതിന്റെ സ്വരൂപവും സ്വത്വവും ആർജ്ജിച്ച് അനന്തതയിൽ ചേരു മ്പോൾ തിന്മ നശിച്ച് അസ്തമിക്കു ന്നു.

എന്നാൽ തിന്മയ്ക്ക് സൃഷ്ടി ശക്തിയു് എന്ന ചിന്ത കർത്താവ് ഈ ഉപമയിലൂടെ അവതരിപ്പിക്കു ന്നുാേ എന്ന് ചർച്ചചെയ്യേതു്. നല്ല വർ ദൈവത്തിന്റെ സൃഷ്ടിയാണ് എന്നും ദുഷ്ടരുടെ സ്രഷ്ടാവ് പിശാ ചാണെന്നും ഉപമയിൽ പറയുന്നു. ഇത്തരത്തിൽ ര് സ്രഷ്ടാക്കളുടെ സാന്നിധ്യം വേദപുസ്തക കാഴ് ചപ്പാടിന് അന്യമാണ്. ഉപമയുടെ വ്യാഖ്യാനത്തിൽ 'ദൈവത്തിന്റെ മ ക്കൾ' (ശിഷ്ടർ) 'പിശാചിന്റെ മക്കൾ' (ദുഷ്ടർ) എന്നുപറയുന്നു. ദൈവത്തിന്റെ 'സൃഷ്ടി,' പിശാ ചിന്റെ 'സൃഷ്ടി' എന്നു പറയുന്നില്ല. ഇവിടെ ഭൗതീകമായ (ജീവധർമ്മപ രമായ) സൃഷ്ടിയുടെ കാര്യമല്ല പ്ര മേയം. യോഹന്നാന്റെ സുവിശേഷ ത്തിൽ ക്രിസ്തുവിനെയും സുവിശേ ഷത്തെ യും എതിർക്കുന്നവരെപ്പറ്റി 'അവർ എനിക്കുള്ളവരല്ല' എന്ന് പ റയുന്നു. പിശാചിന്റെ ഇഷ്ടം തങ്ങ ളുടെ ദൗത്യമായി കരുതുന്നവർ പ ിശാചിനെ തങ്ങളുടെ പിതാവായി പരിഗണിക്കുന്നു എന്നർത്ഥം. അവ രുടെ ജീവകേന്ദ്രവും വ്യക്തിത്വ ത്തിന്റെ നിയന്ത്രണഘടകവുമായ ദുഷ്ടതയുടെ ഉടമ പിശചായതു കൊാണ് പിശാചിന്റെ മക്കൾ എന്ന് കർത്താവ് അവരെ വിശേഷിപ്പിക്കു ന്നത്. അത്തരക്കാർ പിശാചിന്റെ ഇഷ്ടമാണ് ലോകത്ത് നടപ്പിലാ ക്കാൻ ശ്രമിക്കുന്നത്. അതുകൊ് യോഹന്നാന്റെ സുവിശേഷത്തിൽ യേശു ഇപ്രകാരം പറയുന്നു, "നി

*പ്രത്യാശാശ്രുതി*

# സ്വധർമ്മം അനുഷ്ഠിക്കുക.....

കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ

"തപസ്വിഭ്യോ$^{f}$ധികോ യോഗീ
ജ്ഞാനിഭ്യോപിമതോ$^{f}$ധിക
കർമീഭ്യശ്ചാധികോ യോഗീ തസ
്മാ ദ്യോഗീ ഭവാർജ്ജുനേ"

**ആ** ഗ്രഹപൂരണത്തിനായി തപ ിലും വ്രതാനുഷ്ഠാനങ്ങളിലും മുഴുകുന്നവരേക്കാൾ ശ്രേഷ്ഠനാണ് യോ ഗമാർഗ്ഗത്തിൽ ചലിക്കുന്ന യോഗി. അതുപോലെ തന്നെ ബ ൗദ്ധികമായ അറിവാർജ്ജിച്ചിട്ടുള്ള ജ്ഞാനിയേക്കാൾ ശ്രേഷ്ഠനാണ് സ്വധർമ്മമനുഷ്ഠിച്ചുകൊ് വൈരാഗ്യവും യോഗാഭ്യാസവും പാലിച്ച് മന ിന്റെ സന്തുലിതാവസ്ഥയിൽ കഴിയുന്ന ഒരു യോഗി. അതുപോലെ തന്നെ കർ മ്മങ്ങളിൽ മാത്രം മുഴുകിയിരിക്കുന്നവരേക്കാളും ശ്രേഷ്ഠനാണ് ഒരു യോഗി. അതുകൊ് യോഗിയായി മാറൂ അർജ്ജുനാ എന്നാണ് ഭഗവത്ഗീതയിൽ അർജ്ജുനനോട് ശ്രീ കൃഷ്ണൻ പറയുന്നത്. ഏറ്റവും ശ്രേ ഷ്ഠനായ വ്യക്തിയാണ് യോഗി. സാ ധാരണ തപസ്വി, ജ്ഞാനി, യോഗി എന്നീ പദങ്ങൾ ഏകദേശം ഒരേ അർത്ഥത്തിൽ ഉപയോഗിക്കാറു്. പക്ഷേ ഇവിടെ അവതമ്മിൽ വ്യത്യാസമുെന്നും വ്യക്തമാക്കുകയാണ്. തപ ും മറ്റ് വ്രതാനുഷ്ഠാനങ്ങളുമെല്ലാം കാര്യസാധ്യത്തിനാണ്, ആ ഗ്രഹപൂർത്തീകരണത്തിനാണ്, പ്ര ത്യേക ഭൗതീക നേട്ടങ്ങൾക്കാണ്. അ തുപോലെ തന്നെ ജ്ഞാനമാർജ്ജിക്കുന്നത് കൗതുകത്തിന്റെ പേരിലോ, ബുദ്ധിവ്യാപാരമോ ആകുമ്പോൾ അത്തരം ജ്ഞാനം പുസ്തകങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നും സ്വായത്തമാകുന്ന അറിവുകളിൽ ഒതുങ്ങുന്നു. വേറൊരു കൂട്ടർ കർമ്മങ്ങളിൽ മുഴുകുന്നവരാണ്. സ്വാർത്ഥപരമായ ഉദ്ദേശ്യത്തോടുകൂടി അനുഷ്ഠിക്കുന്ന കർമ്മങ്ങളും ഒരുവനെ ഒരിടത്തും എത്തിക്കുന്നില്ല. ഇവരേക്കാൾ ഏറെ ശ്രേഷ്ഠനാണ് ഒരു യഥാർത്ഥ യോഗി. കാരണം, ഇന്ദ്രിയങ്ങളെ ജയിച്ച് മനോനിയന്ത്രണം കൈവന്ന ഒരാൾ വിഷയഭോഗങ്ങളിൽ ആസക്തിയില്ലാതെ യജ്ഞാർത്ഥമായി കർമ്മം ചെയ്യുന്നു. ഒരു കർമ്മയോഗി സ്വാർത്ഥപരമായ ഭൗതീക നേട്ടങ്ങൾക്കുവേിയും പ്ര തികൂല സാഹചര്യങ്ങളിലൂടെ മന ിനെയും ശരീരത്തെയും തപ ിപ്പിക്കുന്ന തപസ്വിയേക്കാളും ഒരു അന്വേഷണത്വരയോടെ അറിവിന്റെ പിറകേപോ യി അറിവ് ആർജ്ജിക്കുന്ന ജ്ഞാനിയെക്കാളും കർമ്മങ്ങൾ ചെയ്യുന്ന കർ മ്മിയെക്കാളും എന്തുകൊും ശ്രേ ഷ്ഠനാണ്. അതുകൊാണ് ഏറ്റവും ശ്രേഷ്ഠനായ യോഗിയായിത്തീരാൻ അർജ്ജുനനോട് ശ്രീകൃഷ്ണൻ ഉപദേശിക്കുന്നത്. ഇങ്ങനെയുള്ള യോഗികളിലും ശ്രേഷ്ഠൻ ആരാണെന്നുകൂടി അദ്ദേഹം വെളിപ്പെടുത്തുന്നു.

"യോഗിനാമപി സർവേഷാം
മദ്ഗതേനാന്തരാത്മനാ
ശ്രദ്ധാവാൻ ഭജതേ യോമാം
സമേയുക്തതമോമതഃ"

ആരാണോ എന്നെത്തന്നെ അവനവന്റെ ഉള്ളിൽ നിരന്തരമായി

ങ്ങൾ നിങ്ങളുടെ പിതാവായ പ ിശാചിൽ നിന്നുള്ളവരാണ്. നിങ്ങൾ പ്ര വർത്തിക്കുന്നത് അവന്റെ ഇച്ഛ പ്രകാരമാണ്. അതുകൊ് നിങ്ങൾ അസത്യം പ്രവർത്തിക്കുന്നത് അവന്റെ സ്വഭാവത്തിന് അനുസൃതമായിട്ടാണ്" (യോഹ. 8:44). ഇവിടെ ദൈവസ്വഭാവം പ്രകടിപ്പിക്കുന്നവർ ദൈവമക്കളും പിശാചിന്റെ ഇച്ഛയും സ്വഭാവവും പ്രകടിപ്പിക്കുകയും അവന്റെ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നവർ പിശാചിന്റെ സന്താനങ്ങളുമാകുന്നു എന്നാണ് സൂചന.

അതുകൊ് കളകൾ സമാന്തര സൃഷ്ടിയുടെ ഉല്പന്നങ്ങളാണെന്ന് ചിന്തിക്കേതില്ല. അവർ ദുഷ്ടന്റെ സ്വാധീനത്തിൽ അവന്റെ സ്വഭാവക്കാർ ആയിത്തീർന്നവരാണ്. ആ വ്യ ക്തികളുടെ നിയന്ത്രണം പ ിശാചിന്റെ കൈകളിലാണ്. അവനാണ് അവരു ടെ ആളത്തത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതും പ്രവൃത്തികളുടെ നിയന്ത്രണം നിർവ്വഹിക്കുന്നതും. അതുകൊാണ് യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ഇപ്രകാരം പറയുന്നത്, "തിന്മ പ്രവർത്തിക്കുന്ന ഓരോരുവനും പിശാചിന്റെ സന്താനമാണ്. ദൈവത്തിൽ നിന്നുള്ളവർ തിന്മ പ്രവർത്തിക്കുന്നില്ല. എന്തുകൊന്നൊൽ ദൈവീകബീജം അവനിലു്. ദൈവമക്കളും പിശാചിന്റെ മക്കളും ഈവിധം വെളിപ്പെടുന്നു" (1 യോഹ. 3:8-10). സ്വഭാവത്തിന്റെയും ചെയ്തികളുടെയും അടിസ്ഥാനത്തിലാണ് ഇവിടത്തെ പിതൃത്വ നിർണ്ണയം. കളകൾ നശിപ്പിക്കാതിരിക്കുന്നതിന് ഒരു കാരണം അവയുടെ (ദുഷ്ടജനത്തിന്റെ) പരിവർത്തന സാധ്യതയാകാം. സ്രഷ്ടാവിനെ മറന്ന് പിശാചിനെ പ ിതാവായി കരുതി പ്രവർത്തിക്കുന്ന ഓരോ വ്യക്തിയുടെയും മാനസാന്തരം ലോകാവസാനം വരെ ദൈവം പ്രതീക്ഷിക്കുന്നു്.

ഈ ലോകത്തിൽ തിന്മനിറഞ്ഞ ഘടനകളോടും വ്യക്തികളോടും ഇടകലർന്നും മല്ലടിച്ചും ജീവിക്കുവാനുള്ള വിളിയാണ് വിശ്വാസികൾക്കുള്ളത്. ദുഷ്ടരെ പുറത്താക്കി ശിഷ്ട സംരക്ഷണം നടത്താൻ ദൈവം ആ ഗ്രഹിക്കുന്നില്ല. അതു

കുകൊ് വിശ്വാസത്തോടെ ഗുരു വാക്യത്തിലും ശ്രുതികളിലും വിശ്വാ സത്തോടുകൂടി ഭജിക്കുന്നത് അവൻ എല്ലാ യോഗങ്ങളിലും വച്ച് ഏറ്റവും യുക്തനാണ്, ശ്രേഷ്ഠനാണ് എന്നാ ണ് ശ്രീകൃഷ്ണൻ ഉദ്ബോധിപ്പിക്കു ന്നത്.

സാധാരണയായി ഉയർന്നുവരാ റുള്ള ചില സംശയങ്ങൾക്ക് വളരെ വ്യക്തമായ ഉത്തരമാണിവിടെ ഭഗ വാൻ നൽകുന്നത്. പുറത്തുനിന്നു കാണുമ്പോൾ ആത്മീയ പാതയിലു ള്ളവർക്ക് പലതും നഷ്ടപ്പെടുന്നു വെന്നും അവർ എവിടെയുമെത്തു ന്നി ല്ല എന്നും തോന്നാറു്. എന്നാൽ "കല്യാണകൃത് കശ്ചിത് ദുർഗതി ന ഗച്ഛതി ഹി" എന്നു പറയുമ്പോൾ മംഗളകരമായ അല്ലെങ്കിൽ ശുഭകര മായ കാര്യങ്ങൾ ചെയ്യുന്നവന് ഒരി ക്കലും ദുർഗതി ഉാവുകയില്ല എന്ന ഉറപ്പാണ് ഭഗവത്ഗീത നൽകുന്നത്. അ യാൾ പുണ്യങ്ങൾ ചെയ്യുന്നവ രുടെ ലോകത്ത് ഏറെ നാൾ കഴിയും എന്നു പറയുമ്പോൾ മരണാനന്തരമാ ണെ ന്നുമാത്രം കരുതേില്ല. സ്വർഗ്ഗ തുല്യമായ ജീവിതമായിരിക്കും അത്തരക്കാരുടേത്. സന്തോഷവും സമാധാനവും സംതൃപ്തിയും അവ രുടെ ജീവിതത്തിൽ ഉ്. എന്നാൽ മറ്റു ള്ളവർക്ക് അത് ചിലപ്പോൾ മന ിലാ യില്ല എന്നുവരാം. അവരനുഭവിക്കു ന്ന ആ ആത്മാനന്ദം- സന്തോഷം, ശാന്തി, സമാധാനം എന്നിവ അവർ ക്കുമാത്രം അനുഭവവേദ്യമാണ്. അതു പോലെ തന്നെ ചിലപ്പോൾ വളരെ വിഷയങ്ങളിൽ ആമഗ്നരായിട്ടുള്ള ആളുകൾ ആത്മീയപാതയിൽ പെ ട്ടെ ന്നു മുന്നേറുന്നതു കാണാം. പ ലരും നെറ്റിചുളിക്കുന്ന ഒരു സന്ദർഭ മാണിത്. ഇന്നലെവരെ ആത്മീയത യുമാ യി ഒരു ബന്ധവും പുലർത്താ തിരുന്നവർ ഒരു സുപ്രഭാതം മുതൽ പൊടുന്നനെ എങ്ങനെ ആത്മാന്വേ ഷണം തുടങ്ങുന്നു. ഇന്നലെവരെ അനുവർത്തിച്ചിരുന്ന കാര്യങ്ങൾക്ക് കടകവിരുദ്ധമായി പെരുമാറുന്നു. എന്നെ ല്ലാം തോന്നാം. എന്നാൽ ഇതും സാ ധ്യമാണ്. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പ ുതിയ സൃഷ്ടി ആ കുന്നു; പഴയത് കടന്നുപോയി; ഇതാ സകലതും പ ുതിയതായിത്തീർന്നിരിക്കുന്നു (2 കൊരി. 5:17). മുമ്പ് തുടർന്നുവന്ന ആത്മാന്വേഷണത്തിന്റെ ഒരു ബ ാക്കിയാണ്, പിന്തുടർച്ചയാണ് ലോക താല്പര്യങ്ങളിൽ മാത്രം മുഴുകിക്ക ഴിഞ്ഞിരുന്ന ഒരു വ്യക്തി പെട്ടെന്ന് ഒരു പ്രകാശനാളം ലഭിക്കുമ്പോൾ, ആത്മാന്വേഷണത്തിന്റെ മിന്നൽ ഉാകുമ്പോൾ തുടരുന്നത്. ഇത് തുടരാൻ സാധ്യമാകുന്ന ഒരു നല്ല കുലത്തിൽ ജനിക്കുന്നതിന്റെ യും രഹസ്യമിതാണ്. അതീവദുർലഭമായ ഇത്തരം സാഹചര്യങ്ങളിൽ ഒരു വ്യക്തി ജനിക്കാൻ സാധിക്കുന്ന തിന്റെ കാരണവും ഇതാണ്. ഇതി നെയാണ് "പൂർവ്വജന്മസുകൃതം" എന്നു പഴമക്കാർ പറയുന്നത്. ഒരു സദ്ഗുരു ജീവിച്ചിരുന്ന കാലഘ ട്ടത്തിൽ ജീവിക്കാനും അദ്ദേഹ ത്തിന്റെ വാക്കുകൾ ഗ്രഹിക്കുവാന ും, ജ്ഞാനത്തിന്റെ പാ തയിൽ വള രുവാനും ജീവിതത്തിൽ ആനന്ദമെ ന്താണെന്നറിയാനുമുള്ള അവസരം ഉായതിന്റെ അഥവാ ഉാകുന്നതിന്റെ രഹസ്യമിതാണ്. ഇതിനും ഉത്തരവ ാദി അവനവൻ തന്നയാണ്. അവന വനിലെ ദൈവീകസാന്നിധ്യമാണ്.

എല്ലാത്തരം കർമ്മങ്ങളിൽ നി ന്നും ഒഴിഞ്ഞുമാറി സ്വാർത്ഥതാപ രമായ തപ നുഷ്ഠിക്കുന്ന തപസ്വി യേക്കാളും മനോരഞ്ജനപരമായ വാ ക്കുകളാൽ മറ്റുള്ളവരെ രസിപ്പി ക്കുന്ന വേദശാസ്ത്രങ്ങൾ എല്ലാം വശത്താക്കി തന്റെ വാക്സാമർത്ഥ്യം വർദ്ധിപ്പിക്കുവാൻ മാത്രം ഉപയോഗി ക്കുന്ന ജ്ഞാനിയേക്കാളും മുഴുവൻ സമയവും തനിക്ക് എന്തെങ്കിലും നേടണമെന്ന ആഗ്രഹത്തോടെ കർമ്മങ്ങളിൽ ഏർപ്പെടുന്ന കർമ്മി യേക്കാ ളും ഏറെ ശ്രേഷ്ഠനാണ് സ്വധർമ്മം എന്തായാലും നൂറ് ശത മാനം അത് അനുഷ്ഠിക്കുന്ന ഒരു കർമ്മയോഗി. കാരണം ഞാൻ ഒന്നും ചെയ്യുന്നില്ല ഈ കർമ്മങ്ങൾ എന്നിലൂടെ എന്റെ ഗുണങ്ങൾക്ക് പ്ര കൃതിക്കനുസരിച്ച് സംഭവിക്കുന്നു എന്ന ബോധത്തോടെ എല്ലാക്കാര്യ ങ്ങൾക്കുമുള്ള പൂർണ്ണ മായ ഉത്തര വാദിത്വത്തോടെ തന്നിലുള്ള ഈശ്വ ര തത്വത്തെ അറിഞ്ഞ് ഏത് സാഹ ചര്യത്തിലും അതിനെ അതുപേ ാലെ സ്വീകരിച്ച് സമത്വബുദ്ധിയോ ടുകൂടി പ്രവർത്തിക്കുന്ന ഒരു കർമ്മ യോഗി ശ്രേഷ്ഠനായിത്തീരും. മാത്ര മല്ല, ഗുരുവചനത്തിലും ശാസ്ത്രങ്ങ ളിലും അതീവശ്രദ്ധാലുവായ കർ മ്മയോഗി, കർമ്മം ചെയ്യുമ്പോഴും അവന്റെ ഉള്ളിൽ ഉറച്ചിരിക്കുന്നത് കർമ്മഫലമോ മറ്റ് നേട്ടങ്ങളോ അല്ല മറിച്ച് ശാന്തിയും സന്തോഷവും ആനന്ദവുമായ ബോധം ഒന്നുമാ ത്രമാണ്-ഈശ്വരതത്വം മാത്രമാണ് -അങ്ങനെയുള്ള ഒരു കർമ്മയോ ഗിയാണ് ഏറ്റ വും ഉത്തമനായവൻ എന്നാണ് ഭഗവത്ഗീത ഉദ്ഘോഷി ക്കുന്നത്.

കിടക്കമേൽ നീതികേട് നിരൂപ ിച്ച് തിന്മ പ്രവർത്തിക്കുന്നവർക്ക് അയ്യോ കഷ്ടം! അവർക്ക് പ്രാപ ്തിയുള്ളതുകൊ് പുലരുമ്പോൾത്ത ന്നെ അവർ അത് നടത്തുന്നു. അവർ വയലുകൾ മോഹിച്ച് പിടിച്ചുപറി ക്കുന്നു; അവർ വീടുകൾ മോഹിച്ച് കൈക്കലാക്കുന്നു. അങ്ങനെ അവർ മനുഷ്യനെയും അവന്റെ ഭവന ത്തെയും അവന്റെ അവകാശത്തെ യും പീഡിപ്പിക്കുന്നു. അതുകൊ് യഹോവാ ഇപ്രകാരം അരുളിച്ചെയ്യു ന്നു. ഞാൻ ഈ ജനത്തിനെതിരെ അനർത്ഥം നിരൂപിക്കുന്നു; അതിൽ നിന്ന് നിങ്ങളുടെ കഴുത്തുകൾ വിടു വിക്കുകയില്ല, നിവർന്ന് നടക്കു കയുമില്ല ഇത് ദുഷ്ക്കാലമല്ലോ...... (മീഖാ. 2:1-3)

അതിനാൽ ഈശ്വരനെ അറി യാനും ഈശ്വരസമ്പർക്കം പുലർ ത്താനും ഈശ്വരനുമായി ഒന്നായി ●

തിരുവെഴുത്ത്

# പഴയനിയമം

(വേദപുസ്തകം ക്രിസ്ത്യാനികൾക്ക് തിരുവെഴുത്താണ്. സഭയുടെ ഉപദേശങ്ങൾക്കും വിശ്വാസങ്ങൾ ക്കും അടിസ്ഥാനം അതാണ്. അതുകൊ് വേദപുസ്തക പഠനം ഓരോ ക്രിസ് ത്യാനിക്കും അനുപേക്ഷണീയമാണ്. വളരെ ലളിതവും ഹ്രസ്വവുമായ ലേഖനങ്ങൾ വഴി വിശുദ്ധഗ്രന്ഥത്തെ വായനക്കാർക്ക് പരിചയപ്പെടുത്തുന്ന 'തിരുവെഴുത്ത്' എന്ന പുതിയൊരു പംക്തി ഡയോസിസൻ ബു ള്ളറ്റിനിൽ ഈ ലക്കം മുതൽ പ്രസിദ്ധീകരിക്കുന്നു. മാനേ. എഡിറ്റർ)

ക്രിസ്ത്യാനികളുടെ തിരുവെഴുത്താണ് വേദപുസ്തകം. ഇതൊരു ഗ്രന്ഥസമാഹാരമാണ്. ഇതിന് ര് ഭാഗങ്ങളു്. ആദ്യഭാഗമാണ് 'പഴയനിയമം' അഥവാ 'പഴയ ഉടമ്പടി' (Old Testanment). ഇതിൽ 39 പുസ്തകങ്ങൾ ു്. വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്നവരാണ് ഇവയുടെ രചയിതാക്കൾ. ഈ പുസ്തകങ്ങളെ സമാഹരിച്ച് പഴയനിയമം രൂപ്പെടുത്തുവാൻ ആയിരത്തിലേറെ വർഷങ്ങൾ വേിവന്നു. യഹൂദചരിത്രത്തിൽ ദൈവത്തിന്റെ ഇടപെടലുകളാണ് ഈ പുസ്തകങ്ങളുടെ പ്രമേയം. ഭാഷ എബ്രായ. പ്രപഞ്ചോല്പത്തി മുതൽ പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരം വരെയുള്ള ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ പഴയനിയമത്തിൽ പരാമർശിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ജനനം, രക്ഷണ്യപ്രവർത്തനങ്ങൾ, പീഡാനുഭവം, ക്രൂശുമരണം എന്നിവയുടെ മുൻകുറികൾ പഴയനിയമത്തിൽ അങ്ങിങ്ങുകാണാം. ക്രിസ്തുസഭ രൂപം കൊതിനുശേഷമാണ് പ്രസ്തുത പുസ്തകങ്ങളെ സമാഹരിച്ചതും പഴയനിയമം എന്ന സംജ്ഞ അതിന് നൽകിയതും. യഹൂദന്മാർ ഈ പേര് ഉപയോഗിക്കുന്നുമില്ല. നിയമം, പ്രവചനങ്ങൾ, എഴുത്തുകൾ എന്നിവയായിട്ടാണ് അവർ ഈപുസ്തകങ്ങളെ കാണുന്നത്. മൂലഭാഷയിൽ ഇവ 'തോറ', 'നെബിയം', 'കെതുബീം' എന്നിങ്ങനെ അറിയപ്പെടുന്നതിനാൽ അവയുടെ ചുരുക്കെഴുത്തായ 'തനാക്ക്' എന്ന് ഈ ഗ്രന്ഥങ്ങളെ എല്ലാം ചേർത്തുവിളിക്കാറു്.

പഴയനിയമഗ്രന്ഥങ്ങൾ വ്യത്യസ്തസാഹിത്യ ശാഖകളിൽ പെടുന്നവയാണ്. സങ്കീർത്തനങ്ങൾ, ഉത്തമഗീതം എന്നിവയിലെ കാവ്യ, കാൽപ്പനിക സൗന്ദര്യം കിടയറ്റതാണ്. സുഭാഷിതങ്ങളിലെ ജ്ഞാനവും സാരോപദേശങ്ങളും അന്യാദൃശങ്ങൾ എന്ന് പറയാം. പ്രവാചകഗ്രന്ഥങ്ങളിലെ ദീർഘവീക്ഷണവും, ധീരതയും, ആർ ജ്ജവവും, ധാർമ്മികതയുമെല്ലാം പ്രശംസനീയമാണ്. പഴയനിയമത്തിലെ പല ഗ്രന്ഥങ്ങളും ഒറ്റയ്ക്കുതന്നെ പ്രചാരവും അംഗീകാരം നേടിയവയായിരുന്നു. അതുകൊ് അവയ്ക്ക് പഴയനിയമസമാഹാരത്തിൽ സ്ഥാനം




**SANTHULA HOSPITAL, VADAKARA, KOOTHATTUKULAM**

**Department of Continuing Medical Education: Psychiatric Nursing Refresher (Certificate Program)**

The Psychiatric Nursing Refresher Certificate Program is a self-paced, instructor-supported program that prepares General Nurses (GNMs) who do not have psychiatric exposure and wish to update their knowledge and skills to reach competencies required of a beginning graduate in preparation for ward duty. This Program is also suitable for practising GNMs and ANMs who wish to have a refresher that includes both theory and practical. The Program includes five courses, and a full-time clinical observation experience in our psychiatric setting.

**Upon the successful completion of the Psychiatric Nursing Refresher Certificate Program the graduate will:**

- Demonstrate responsibility and accountability in psychiatric nursing practice.
- Acquires skills to initiate, maintain and terminate therapeutic relationships.
- Promote a therapeutic environment.
- Demonstrate self-awareness in relationships with individuals and their significant others to facilitate therapeutic relationships.
- Apply principles of teaching and learning to assist individuals to meet health-related needs.

**Course Content**

- Therapeutic Relationships in Mental Health
- Assessment and Promotion of Mental Health
- Disorders of Mental Health and Pharmacology
- Common Physiological Conditions in Mental Health
- Professional Practice in Mental Health Nursing

Director Fr. Edward George
Ph: 9447575091

N.R.No.:412140/90
Reg. No. KL/ALY/0041/2009-11 **DIOCESAN BULLETIN** 2011 August 15

## കാതോലിക്കാദിനപ്പിരിവ്

കനാട് ഈസ്റ്റ് ഭദ്രാസന കാതോലിക്കാദിന സ്വീകരണ സമ്മേളനം 2011 ആഗസ്റ്റ് 4–ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് മൂവാറ്റുപുഴ അരമനപ്പള്ളിയിൽ വച്ച് നടന്നു. വിവിധ ഇടവകകളിൽ നിന്നായി സമാഹരിച്ച 3,03803 രൂപ ചടങ്ങിൽ വച്ച് പരി. കാതോലിക്കാബാവ ഏറ്റുവാങ്ങി. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് വൈദീകരും പള്ളിച്ചുമതലക്കാരും മറ്റ് ഭദ്രാസന ഭാരവാഹികളും മാനേജിംഗ് കമ്മറ്റി അംഗങ്ങളും പങ്കെടുത്ത യോഗത്തിൽ ഇടവകമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് അദ്ധ്യക്ഷത വഹിച്ചു. സഭയുടെ വിവിധ പ്രോജക്റ്റുകളെപ്പറ്റിയും ലക്ഷ്യമിടുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചും പരി. കാതോലിക്കാ ബാവ തിരുമേനി വിശദീകരിച്ചു. പുതിയ നൂറ്റാിൽ വിവിധ നിലകളിലുള്ള സഭയുടെ മുന്നേറ്റം സഭാംഗങ്ങൾ ഓരോരുത്തരുടെയും ഒത്തൊരുമയോടെയുള്ള പ്രവർത്തനം വഴിയാണ് സാധ്യമാകുന്നത് എന്നും പരി. ബാവ ഓർമ്മിപ്പിച്ചു. സഭാ വൈദീക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രാഹാം കോനാട്ട്, അത്മായ ട്രസ്റ്റി ശ്രീ. എം.ജി. ജോർജ്ജ് മുത്തൂറ്റ്, സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, ശ്രീ. എം.എം. സക്കറിയ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹാം കാരാമേൽ സ്വാഗതവും സഭാ വർക്കിംഗ് കമ്മറ്റിയംഗം ഫാ. ഏലിയാസ് ചെറുകാട്ട് ചടങ്ങിന് നന്ദിയും പ്രകാശിപ്പിച്ചു.

## ക്യാമ്പ് സമാപിച്ചു

പറുമല: ശുശ്രൂഷസംഘ (AMOSS) ത്തിന്റെ വാർഷിക പരിശീലന ക്യാമ്പ് സമാപിച്ചു. മെത്രാപ്പോലീത്തന്മാരായ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, തോമസ് മാർ അത്താനാസ്യോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ ദിമിത്രയോസ് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. ഫാ. തോമസ് പി. ജോൺ, ഫാ. എബ്രാഹാം കാരാമേൽ, ഫാ. ഡോ. എം.ഒ. ജോൺ, ഫാ. പി.ജെ. ജോസഫ്, ഫാ. ഷിബു കുര്യൻ പതപ്പിള്ളി എന്നിവർ ക്യാമ്പിന് നേതൃത്വം കൊടുത്തു. മാരകമായ കീടനാശിനികൾ സ്വയമായി ഉപയോഗിക്കുകയില്ലെന്നും ആരെങ്കിലും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ അവരെ ഭവിഷ്യത്ത് ബോധവത്കരിച്ച് പിന്തിരിപ്പിക്കുമെന്നുള്ള പ്രതിജ്ഞയും

## ക്രിസ്തീയ രക്ഷകർത്തൃത്വം

ക്രിസ്തീയ രക്ഷകർത്തൃത്വം എന്ന വിഷയം സംബന്ധിച്ച് ഇടവക തലത്തിലും ഡിസ്ട്രിക്റ്റ്–ഭദ്രാസന തലങ്ങളിലും ക്ലാ ുകൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവയ്ക്ക് നേതൃ ത്വം കൊടുക്കുവാൻ സേവന സന്നദ്ധതയുള്ള വൈദീകരെയും ആത്മായരെയും ആവശ്യമു്. 2010 ൽ സഭ നടപ്പാക്കിയ ലഹരിവിരുദ്ധ യജ്ഞമായ യു–ടേണി (U-Turn) ന്റെ തുടർ പ്രവർത്തനമായി ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോ ധവത്കരണ പരിപാടികൾ നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ ആദർശങ്ങളോട് പ്രതിപത്തിയുള്ളവരും ഈ മേഖലകളിൽ പരിചയവും വൈദഗ് ദ്ധ്യവുമുള്ളവരുമായ ഓർത്തഡോ ക്സ് സഭാംഗങ്ങളെ സ്വാഗതം ചെയ്യുന്നു. താല്പര്യമുള്ളവർ വിശദവിവരങ്ങൾ സഹിതം ബന്ധപ്പെടുക.

വിലാസം :
Ministry of Human Empowerment,
Malankara Orthodox Church,
Catholicate Aramana,
Devalokam P.O., Kottayam
Kerala - 686 038
Ph: 0481-2572800, 2578500

## വൈദീകപട്ടം സ്വീകരിച്ചു



വെട്ടിക്കൽ സെയ്ന്റ് ബെഹനാൻ ഓർത്തഡോക്സ് ഇടവകാംഗങ്ങളായ താണിക്കുഴിയിൽ ഏലിയാസ്–ചിന്നമ്മ ദമ്പതികളുടെ മകൻ ഡീ. ഗീവർഗീസ് ഏലിയാസ് (വിജു ഏലിയാസ്) കനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിച്ചു. 2011 ജൂൺ 30–ാം തീയതി മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രലിൽ വി. കുർബ്ബാനമദ്ധ്യേ ആയിരുന്നു പട്ടംകൊട ശുശ്രൂഷ. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർ പോളികാർപോസ് സഹകാർമ്മികനായിരുന്നു. തുടർന്ന് നടന്ന അനുമോദന യോഗത്തിൽ ഇടവക മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ആശംസകൾ അർപ്പിച്ചുകൊ് സഭാ വൈദീക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രാഹാം കോനാട്ട്, വെരി. റവ. കെ. ജെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, ഭദ്രാസന സെക്രട്ടറി ഫാ. ഏബ്രാഹാം കാരാമേൽ, വൈദീക സെക്രട്ടറി ഫാ. ബിനോയ് ജോൺ, ഫാ. മേരീദാസ് സ്റ്റീഫൻ, ഫാ. വർഗീസ് ചാക്കോ, പി.റ്റി. തോമസ് എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി എന്നിവർ പ്രസംഗിച്ചു. ബഹു. അച്ചൻ അനുമോദനങ്ങൾക്കും ആശംസകൾക്കും നന്ദി പ്രകാശിപ്പിച്ചു. കോലഞ്ചേരി സെയ്ന്റ് പീറ്റേഴ്സ് കോളേജിൽ നിന്ന് ബിരുദവും കോട്ടയം പഴയ സെമിനാരിയിൽ നിന്ന് വേദശാസ്ത്രബിരു

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha